# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




സെപ്റ്റംബർ 2020

പരിശുദ്ധ കന്യകാമറിയത്തിന്റ പിറവിത്തിരുന്നാളിന്റെ
ആശംസകൾ


സെപ്റ്റംബർ 21 – ാം തീയതി
നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്
രൂപതാകുടുംബത്തിന്റെ ആശംസകൾ



# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

EPARCHY OF KANJIRAPALLY
MY LORD MY GOD

Vol. XLIV No. 9 സെപ്റ്റംബർ 2020

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 9 സെപ്റ്റംബർ 2020


| | |
|---|---|
| സർക്കുലർ - എട്ടുനോമ്പാചരണം | - 3 |
| സർക്കുലർ | - 5 |
| സർക്കുലർ - കെസിബിസി | - 9 |
| കച്ചേരിക്കാര്യം | - 13 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 15 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 24 |
| അജപാലനോത്തേജനവിഭാഗം | - 25 |
| വിശ്വാസജീവിതപരിശീലനരംഗം | - 26 |
| ചെറുപുഷ്പ മിഷൻലീഗ് | - 29 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 34 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 35 |
| കുടുംബപ്രേഷിതത്വം | - 38 |
| മാതൃവേദി | - 39 |
| നസ്രാണി റിസേർച്ച് സെന്റർ | - 41 |
| മേരി മാതാ മൈനർ സെമിനാരി | - 42 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - 43 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - 44 |
| മരിയൻ റിട്രീറ്റ് സെന്റർ | - 45 |
| സന്യസ്തർ | - 48 |
| കെ.സി.എസ്.എൽ. | - 56 |
| കത്തോലിക്കാ കോൺഗ്രസ് | - 60 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 66 |
| ഡി.സി.എം.എസ്. | - 68 |
| ഫ്രാൻസിസ്കൻ അല്മായസഭ | - 69 |
| വിൻസെൻഷ്യൻ വേദി | - 70 |
| വിമല പബ്ലിക്കേഷൻസ് | - 71 |
| Special Care Homes & Charitable institution | - 72 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 74 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 77 |
| രൂപതാവാർത്തകൾ | - 79 |

Prot. No. 0989/2020

# സർക്കുലർ
## എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയുംകുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം.

നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ. കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം

അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

24.08.2020

---

NB :ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

CL/No. 9/2020

# സർക്കുലർ

## എട്ടുനോമ്പിനൊരുക്കമായി രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ തിരുമണിക്കൂർ

### ആഗസ്റ്റ് 30 ഞായർ വൈകുന്നേരം 6 മുതൽ 7 വരെ

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ദൈവമാതാവായ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പ് ആഗതമാകുകയാണല്ലോ. ദീപാലംകൃതമായ മരിയൻരൂപവും സ്തുതിഗീതങ്ങളും ദൈവാലയം തിങ്ങിനിറഞ്ഞ വിശ്വാസീസമൂഹവും ആഘോഷമായ ദിവ്യബലിയർപ്പണവും ജപമാല പ്രദക്ഷിണവും അക്കരപ്പള്ളിയിലേക്കും മറ്റുമുള്ള തീർത്ഥാടനവുമൊക്കെയാണ് നമ്മുടെ ഓർമ്മയിലുള്ളത്. എന്നാൽ ഈ കൊറോണാക്കാലത്ത് ആഘോഷങ്ങൾ പരിമിതമാക്കി ആന്തരിക ചൈതന്യത്തിൽ തിരുനാളാചരിക്കുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു.

ശിക്ഷയുടെ കാലമായല്ല, ദൈവം നല്കുന്ന ശിക്ഷണത്തിന്റെയും പരിശീലനത്തിന്റെയും കാലമായി കോവിഡ്കാലത്തെ നമുക്ക് മനസ്സിലാക്കാം. പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ഇടുങ്ങിയ വഴിയിലൂടെ നടത്തിയാണ് അവിടുന്ന് മാനവകുലത്തെ പലപ്പോഴും പുരോഗതിയിലേക്കും വളർച്ചയിലേക്കും നയിച്ചിട്ടുള്ളതെന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും.

നോമ്പും ഉപവാസവും പൂർണ്ണമാകുന്നത് അവയോട്

പ്രാർത്ഥനയും ജീവകാരുണ്യപ്രവൃത്തികളും കൂട്ടിച്ചേർക്കുമ്പോഴാണല്ലോ. മഹാമാരിയുടെ സാഹചര്യത്തിൽ രോഗികൾ, ദുരിതമനുഭവിക്കുന്നവർ, തൊഴിൽനഷ്ടപ്പെട്ടവർ, സാമ്പത്തിക പ്രതിസന്ധിയിലായവർ, ഏകാന്തതയും ഉത്ക്കണ്ഠയും മൂലം അസ്വസ്ഥരായവർ എന്നിവരെയെല്ലാം നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ ദൈവതിരുമുമ്പിൽ കൊണ്ടുവരാം. കഴിയുന്നവിധത്തിലെല്ലാം ക്ലേശിതർക്കും അശരണർക്കും ആശ്വാസമേകുവാൻ ഈ കാലഘട്ടത്തിൽ നമുക്ക് ശ്രദ്ധവയ്ക്കാം.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ പ്രാർത്ഥാനശുശ്രൂഷയിൽ പറഞ്ഞതുപോലെ കൊറോണാ രോഗം മാനവകുലത്തിന് മാനസാന്തരത്തിനുള്ള ആഹ്വാനം ഉൾക്കൊള്ളുന്നു. ദൈവത്തോടും സഹോദരരോടും പ്രകൃതിയോടുമുള്ള നമ്മുടെ മനോഭാവങ്ങളിലും ബന്ധങ്ങളിലും ദൈവം ആഗ്രഹിക്കുന്ന മാറ്റങ്ങൾ സംഭവിക്കണം. നന്മ നിറഞ്ഞ മറിയത്തെ അനുകരിച്ച് സ്നേഹത്തിലും എളിമയിലും അനുകമ്പയിലും പരിശുദ്ധിയിലും മുന്നേറുവാൻ എട്ടുനോമ്പാചരണം നമ്മെ സഹായിക്കട്ടെ.

യുദ്ധത്തിന്റെയും അധിനിവേശത്തിന്റെയും കാലത്ത്, ചാരിത്ര്യശുദ്ധി അപകടത്തിലായ സാഹചര്യത്തിൽ, നോമ്പെടുത്ത് ദൈവമാതാവിനോട് പ്രാർത്ഥിച്ചിരുന്ന സ്ത്രീകളുടെ നോമ്പ് എന്ന പശ്ചാത്തലവും എട്ടുനോമ്പിനുണ്ടല്ലോ. ജീവിതവിശുദ്ധിയുടെ കാര്യത്തിൽ പലവിധ അപകടങ്ങളുടെയും കെണികളുടെയും നടുവിലാണ് നമ്മുടെ മക്കളെന്ന ബോധ്യത്തോടെ

അവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ. ശുദ്ധതയും ദാമ്പത്യവിശ്വസ്തതയും ഉത്തമ ക്രൈസ്തവജീവിതത്തിന്റെ തിളക്കമാർന്ന അലങ്കാരങ്ങളായി കരുതി സൂക്ഷിക്കുവാൻ പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

നോമ്പുദിവസങ്ങളിൽ കുർബാനയും അനുരഞ്ജനകൂദാശയ്ക്കുള്ള സൗകര്യവും ഓരോ ഇടവകയിലെയും സാഹചര്യമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്. പ്രായമായവരും കുട്ടികളും വീട്ടിൽതന്നെ ഇരിക്കണമെന്ന അധികാരികളുടെ നിർദ്ദേശത്തോട് നമുക്ക് വിധേയത്വമുള്ളവരാകാം. പന്തക്കുസ്താതിരുനാളിനുമുമ്പ് കതകടച്ചിരുന്ന് മറിയത്തോടൊപ്പം പ്രാർത്ഥിച്ച ശിഷ്യസമൂഹമാകട്ടെ നമ്മുടെ ഭവനങ്ങളുടെ മാതൃക. ദൈവമാതാവിനോടൊപ്പമുള്ള പ്രാർത്ഥന പരിശുദ്ധാത്മാഭിഷേകത്തിന്റെ പുതിയ പ്രഭാതം നമുക്കായി തുറക്കും. വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും രാഷ്ട്രങ്ങളെയും ഇന്ന് ഗ്രസിക്കുന്ന നിരവധി പ്രശ്നങ്ങളിൽ അമ്മ എന്ന നിലയിൽ സന്നിഹിതയായിക്കൊണ്ട് പങ്കുചേരുന്നവളായി സഭ മറിയത്തെ ദർശിക്കുന്നു (ജോൺ പോൾ II, രക്ഷകന്റെ അമ്മ, 52). അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ (യോഹ 2/5) എന്നു തികഞ്ഞ പ്രത്യാശയോടെ പറഞ്ഞുതരുന്ന മറിയം നമ്മളെയും അവിടുത്തെ പുത്രനിലേക്കു നയിക്കട്ടെ. വിശ്വാസത്തിന്റെ നയനങ്ങളിലൂടെ ദൈവപരിപാലന ദർശിച്ച് മുന്നോട്ടുപോകുമ്പോൾ നാം ഭഗ്നാശരോ നിരാശരോ ആവുകയില്ല. മറിയത്തോടൊപ്പമുള്ള

പ്രാർത്ഥന നിസ്വാർത്ഥസമർപ്പണത്തിന്റെയും എളിമയുടെയും ത്യാഗമനോഭാവത്തിന്റെയും ജീവിതവിശുദ്ധിയുടെയും സേവനതല്പരതയുടെയും പരിമളം നമ്മുടെ ഭവനങ്ങളിൽ നിറയ്ക്കുവാൻ കാരണമാകട്ടെ.

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ, എട്ടുനോമ്പിന് ഒരുക്കമായി ആഗസ്റ്റ് 30 ഞായറാഴ്ച വൈകുന്നേരം ആറു മുതൽ ഏഴുവരെ നമ്മുടെ രൂപതയിലെ എല്ലാവരേയും ഒന്നിപ്പിച്ച് ഒരു മണിക്കൂർ ആരാധന നടത്തുവാൻ ആഗ്രഹിക്കുന്നു. രൂപതയൊന്നാകെയുള്ള പ്രാർത്ഥനാമണിക്കൂറായി നമുക്കതിനെ മാറ്റാം. കത്തീഡ്രൽപള്ളിയിൽ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിലുള്ള ആരാധനാശുശ്രൂഷകളിൽ തത്സമയം വിവിധ സാമൂഹികമാധ്യമങ്ങളിലൂടെ ആളുകൾക്ക് പങ്കുചേരുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തുന്നാണ്. ഇടവകാംഗങ്ങളെ ബഹു. വികാരിയച്ചന്മാർ ഇക്കാര്യം യഥാസമയം അറിയിക്കുമല്ലോ.

ദൈവമാതാവിന്റെ ജനനത്തിരുനാൾ മക്കളായ നമുക്ക് കഴിയുന്ന വിധത്തിൽ നോമ്പെടുത്ത് ഒരുങ്ങി ആചരിക്കാം. നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും ആത്മീയവും ശാരീരികവുമായ എല്ലാവിധ ആപത്തുകളിൽനിന്നും അനർത്ഥങ്ങളിൽനിന്നും അമ്മയുടെ മാധ്യസ്ഥ്യം കാത്തുരക്ഷിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
21-08-2020

Ref: 3335/K-5/KCBC/OL/DS

# ആഗസ്റ്റ് 16, ഞായർ 2020

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട
സഹോദരി സഹോദരന്മാരേ,

നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനു വേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യ ദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദലിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കു ചേരുകയും ചെയ്യുന്നു.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്കും ദലിത് പീഢനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല, നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല.

കേരളത്തിൽ പരിവർത്തിത ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾക്ക് ധാരാളം തടസ്സങ്ങൾ നേരിടുന്നു. സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ദലിത് ക്രൈസ്തവർ OEC എന്ന് രേഖപ്പെടുത്തുന്നതിനും തടസ്സം വന്നിരിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ അർഹമായ പരിഗണന ലഭിക്കാതെ പോകുന്നു. അവിടെ പൊതു വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിലും അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20 -ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സാഹചര്യത്തിൽ ഈ സ്ഥാനം ലഭിക്കേണ്ടത് ദലിത് കൈസ്തവർക്കാണല്ലോ. ദൈവവിളി പ്രോത്സാഹനം, സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് CBCI യുടെ ദലിത് ശക്തീകരണ നയം വ്യക്തമാക്കുന്നുണ്ട്. കോവിഡ് 19-ന്റെ കെടുതികൾ കൂടുതൽ അനുഭവിക്കുന്ന ദലിത് കൈസ്തവരുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ രൂപതയും ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാരുടെയും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത

വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനില്ക്കുന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നല്കപ്പെട്ടിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10 ലെ ഇൻഡ്യൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം ഹിന്ദുക്കളല്ലാത്ത ദലിതർക്കെല്ലാം സംവരണം നിഷേധിക്കപ്പെട്ടു. പിന്നീട് 1956 ൽ സിക്കുകാരും 1990–ൽ ബുദ്ധമത ക്കാരുമായ ദലിതരെയും പട്ടികയിലുൾപ്പെടുത്തി സംവരണം നല്കി വരുന്നു. ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നല്കിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നല്കാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല.

ഈ കടുത്ത അനീതിക്കെതിരേ സുപ്രീം കോടതിയിൽ കേസ് നടന്നുവരുന്നു. ഈ കേസിന്റെ അനുകൂലവിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് കത്തോലിക്ക മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരെഞ്ഞെടുപ്പിൽ അർഹരായ ദലിത് ക്രൈസ്തവരും പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ലോക്ഡൗൺ കാരണം മാറ്റി വച്ച ടാലന്റ് ആൻഡ് സ്കിൽ ഡിവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP) ഈ വർഷം തന്നെ തുടങ്ങുന്നതാണ്. ഒപ്പം, കലാപരമായ കഴിവുകൾ കണ്ടെത്തി

വളർത്തുന്നതിനുള്ള പരിശീലനവും ആരംഭിക്കേണ്ടതുണ്ട്. എസ്.എസ്.എൽ. സി., പ്ലസ് ടു, ഡിഗ്രി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നല്കുന്നുണ്ട്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി.
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# കച്ചേരിക്കാര്യം

### 1. എട്ടുനോമ്പ്

സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ വർഷം തോറും നടത്തിവരുന്ന എട്ടുനോമ്പാചരണം യഥാവിധി അനുഷ്ഠിക്കുവാൻ എല്ലാ ഇടവകകളിലും ബഹു. വികാരിയച്ചന്മാർ വേണ്ടതു ചെയ്യേണ്ടതാണ്.

### 2. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

പൗരസ്ത്യസഭകളിലെ പ്രധാനപ്പെട്ട തിരുനാളുകളിലൊന്നായ വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്റ്റംബർ 14-ാം തീയതിയാണ് ആഘോഷിക്കുന്നത്. ഈ തിരുനാളിന്റെ പ്രസക്തിയെക്കുറിച്ച് വിശ്വാസികളെ അറിയിക്കുകയും സമുചിതമായി തിരുനാൾ ആഘോഷിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

### 3. വി. മത്തായി ശ്ലീഹായുടെ തിരുനാൾ

സെപ്റ്റംബർ 21-ാം തീയതി വി. മത്തായി ശ്ലീഹായുടെ തിരുനാളാണ്. മാത്യു നാമധാരിയായ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിനെയും വൈദികന്മാരേയും അന്നേദിവസം പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

### 4. Appointments

**Rev. Frs.**

| | | |
|---|---|---|
| Marangattu Varghese | – | Vicar, Plachery |
| Chathanattu Jacob | – | Forane Director CML, Pathanamthitta |

| | |
|---|---|
| Chakkummoottil Joseph | – Forane Director CML, Mundkakayam |
| Poovelil Binu V.C. | – Forane Director CML, Upputhara |
| Kuzhikkattu Mathew | – Forane Director CML, Ponkunnam |
| Kochuparampil Joseph | – Forane Director CML, Kanjirapally |

**Relieved**

| | |
|---|---|
| Thekkemuriyil Augustine | – Vicar, Placherry |
| Kuzhippil Antony | – Forane Director CML, Pathanamthitta |
| Kumbalavelil Priyesh John SAC | – Forane Director CML, Upputhara |
| Thekkekuttu Antony | – Forane Director CML, Mundkakayam |
| Chakkummoottil Joseph | – Forane Director CML, Ponkunnam |
| Nadackal Mathew | – Forane Director CML, Kanjirapally |

## വൈദികരുടെ വാർഷികധ്യാനം ഓൺലൈനിൽ

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ഓൺലൈനിലാണ് നടത്തുന്നത്. 2020 സെപ്റ്റംബർ 21-ാം തീയതി തിങ്കൾ മുതൽ 25-ാം തീയതി വെള്ളിവരെ, വൈകുന്നേരം 6 മണി മുതൽ 8.30 വരെയാണ് ധ്യാനം. ബഹുമാനപ്പെട്ട ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ OFM Cap. ആണ് ധ്യാനഗുരു. മറ്റു വിശദീകരണങ്ങൾ പിന്നീട് നൽകുന്നതാണ്.

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# ദൈവാഭിമുഖ്യമുള്ള ജീവിതം

## (തിരുവചനഭാഗം: യാക്കോബ് 4,1-17)

ലോകമൈത്രി ദൈവത്തോടുള്ള ശത്രുതയാണ്. ദൈവത്തിന്റെ മാർഗ്ഗവും ലോകത്തിന്റെ മാർഗ്ഗവും രണ്ടു ധ്രുവങ്ങളിലാണ് എന്ന വസ്തുതയാണ് ഈ അദ്ധ്യായം എടുത്തുപറയുന്നത്. അതുകൊണ്ട് നാം എപ്പോഴും ദൈവോന്മുഖരായി ജീവിക്കണമെന്ന് യാക്കോബ്ശ്ലീഹാ ഈ അദ്ധ്യായത്തിൽ എടുത്തുപറയുന്നു.

ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.

1. ലൗകിക താല്പര്യങ്ങളെ നിയന്ത്രിക്കുക (4,1-4)
2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുക (4,5-10)
3. ആരെയും വിധിക്കരുത് (4,11-12)
4. ദൈവവിചാരത്തോടെ ജീവിക്കുക (4,13-14)
5. ദൈവഹിതം ജീവിതത്തിന്റെ മാനദണ്ഡമാക്കുക (4,15-17)

ഈ അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ പുരോഹിതരുടെ ആദ്ധ്യാത്മികതയെപ്പറ്റി ചിന്തിക്കുവാൻ നമുക്കു ശ്രമിക്കാം.

### 1. ലൗകിക താല്പര്യങ്ങളെ നിയന്ത്രിക്കുക

"*നിങ്ങളുടെയിടയിൽ തർക്കങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത് എങ്ങനെയാണ്? നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളിൽ നിന്നല്ലേ അവ ഉണ്ടാകുന്നത്? ... വിശ്വ*

*സ്തത പുലർത്തുന്നവരേ, ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു നിങ്ങൾ അറിയുന്നില്ലേ? ലോകത്തിന്റെ മിത്രമാകാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ദൈവത്തിന്റെ ശത്രുവാക്കുന്നു*" (4,1.4).

സമൂഹത്തിൽ നിലനില്ക്കുന്ന തർക്കങ്ങളിലേക്കും ഏറ്റുമുട്ടലുകളിലേക്കും വിരൽചൂണ്ടുന്ന ശ്ലീഹാ, അവയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ അവയവങ്ങളിൽത്തന്നെ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളെയാണ് (4,1). കാരണം, ദുരാഗ്രഹം പാപത്തിലേക്കും മരണത്തിലേക്കും നയിക്കും (1,14-15). മനുഷ്യപ്രകൃതിതന്നെ പാപബദ്ധമാണ്, അതായത് ദുരാശകൾ അഥവാ ലൗകികതാല്പര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈശോ പത്രോസിനെ ശകാരിച്ച രംഗം ഇതിനെ ഉദാഹരിക്കുന്നുണ്ട്. താൻ ജറുസലേമിലേക്കു പോകണമെന്നും സഹിക്കണമെന്നും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കണമെന്നുമൊക്കെ പറഞ്ഞപ്പോൾ, 'നിനക്കിതൊന്നും സംഭവിക്കാതിരിക്കട്ടെ' എന്ന് പത്രോസ് പറഞ്ഞു. ഇതു പറയാൻ പത്രോസിനെ പ്രേരിപ്പിച്ചത് പത്രോസിന്റെ മാനുഷികസ്നേഹമാണ്. പക്ഷേ, അപ്പോൾ ഈശോ പത്രോസിനെ ശാസിച്ചുകൊണ്ടു പറഞ്ഞു: "സാത്താനേ, എന്റെ പിന്നിൽ പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്താ 16,23). മാനുഷികതയിൽ സാത്താന്റെ കെണിയുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

ഈ മാനുഷികതയെ അതിജീവിച്ച് ദൈവികമായി പ്രവർത്തിക്കണമെങ്കിൽ പ്രാർത്ഥനയിലൂടെ ദൈവികശക്തി ആർജ്ജിക്കണം. അതു സാധിക്കാതെ വരുന്നത് അവരുടെ പ്രാർത്ഥനയിലുള്ള കുറവുകൊണ്ടാണ്. അതായത്, പ്രാർത്ഥനയിൽപോലും മാനുഷികതാല്പര്യങ്ങൾ കടന്നുവരുന്നു. പലപ്പോഴും നമ്മൾ പ്രാർത്ഥിക്കുന്നതും നമ്മുടെ മാനുഷിക ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കുംവേണ്ടിയാണ്. അതുകൊണ്ടു പ്രാർത്ഥിക്കുന്നതു ലഭിക്കാതെയും വരുന്നു. ദൈവഹിതമനുസരിച്ചു പ്രാർത്ഥിക്കുകയാണെങ്കിൽ ദൈവഹിതമനുസരിച്ചു ജീവിക്കുന്നതിനുള്ള ശക്തിയും നമുക്കു ലഭിക്കും. പുരോഹിതൻ

ദൈവത്തിന്റെ മനുഷ്യനാണ്. അതുകൊണ്ടു ദൈവഹിതമനുസരിച്ചുള്ള പ്രാർത്ഥനയിലൂടെ ശക്തിപ്രാപിച്ച്, മാനുഷികതാല്പര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് ദൈവത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവനായിരിക്കണം. അല്ലെങ്കിൽ ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയായി മാറും (1,4).

**2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുക**

*"നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു എന്ന തിരുവെഴുത്തു വൃഥാ ആണെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അവിടുന്നു കൃപാവരം ചൊരിയുന്നു. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്: ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു. ആകയാൽ ദൈവത്തിനു വിധേയരാകുവിൻ; പിശാചിനെ ചെറുത്തു നില്ക്കുവിൻ, അപ്പോൾ അവൻ നിങ്ങളിൽനിന്ന് ഓടി അകന്നുകൊള്ളും. ദൈവത്തോടു ചേർന്നുനില്ക്കുവിൻ, അവിടുന്നു നിങ്ങളോടും ചേർന്നുനില്ക്കും. പാപികളേ നിങ്ങൾ കരങ്ങൾ ശുചിയാക്കുവിൻ. സന്ദിഗ്ദ്ധമനസ്കരേ, നിങ്ങളുടെ ഹൃദയങ്ങൾ ശുചിയാക്കുവിൻ"* (4,5-8).

മാനുഷികതാല്പര്യങ്ങളെ നിയന്ത്രിച്ച് ദൈവത്തോടു ചേർന്നു ജീവിക്കണമെങ്കിൽ ദൈവാരൂപിയോടു ചേർന്നു ജീവിക്കേണ്ടതുണ്ട്. അരൂപി ശക്തിയാണ്. ഈശോ ശിഷ്യന്മാരെ സുവിശേഷപ്രഘോഷണത്തിനായി പറഞ്ഞു വിടുമ്പോൾ പരിശുദ്ധാരൂപിയെ നല്കിക്കൊണ്ടാണ് അതു നിർവഹിക്കുന്നത്: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,21-22). ലൂക്കാ സുവിശേഷകൻ പരിശുദ്ധാരൂപിയെ വിശേഷപ്പിക്കുന്നത് 'ദൈവത്തിന്റെ ശക്തി' എന്നാണ്: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1,35). സുവിശേഷപ്രഘോഷണ

ത്തിനായി പറഞ്ഞയയ്ക്കുമ്പോൾ ഈശോ ശിഷ്യരോടു പറയുന്നു: "ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). അതുകൊണ്ട് അരൂപിയാകുന്ന ശക്തി ധരിച്ചുകൊണ്ട് അരൂപിയോടു ചേർന്നു ജീവിക്കുവാൻ എല്ലാ ക്രൈസ്തവർക്കും കഴിയണം.

നമുക്കെല്ലാവർക്കും പരിശുദ്ധാരൂപി നല്കപ്പെട്ടിട്ടുണ്ട്. നാം അരൂപിയാലും ജലത്താലും ജനിച്ചവരാണ് (യോഹ 3,5). പരിശുദ്ധ കുർബാനയിലൂടെയും കൂദാശകളിലൂടെയും നമുക്കു പരിശുദ്ധാരൂപി നിരന്തരമായി നല്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. പക്ഷേ, ഇതേപ്പറ്റിയുള്ള അവബോധത്തോടുകൂടി ക്രിസ്തീയജീവിതം നയിക്കുന്നതിൽ നമ്മിൽ പലരും പരാജയപ്പെടുന്നു. അതുകൊണ്ടു മാനുഷിക താല്പര്യങ്ങൾക്ക് അടിമപ്പെട്ട് പലപ്പോഴും ജീവിക്കുന്നു. പുരോഹിതർക്ക് പരിശുദ്ധാരൂപി പ്രത്യേകമായി നല്കപ്പെടുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണല്ലോ സഭയിൽ പൗരോഹിത്യപദവികൾ നല്കപ്പെടുന്നത് (കുർബാനയിലെ കൈവയ്പ്പു പ്രാർത്ഥന). പുരോഹിതൻ സ്വർഗ്ഗത്തിൽനിന്നും പരിശുദ്ധാരൂപിയെ വിളിച്ചിറക്കുന്നവനുമാണ് (റൂഹാക്ഷണപ്രാർത്ഥന). അതുകൊണ്ട് അരൂപിയോടു ചേർന്നു ജീവിക്കുവാൻ പ്രത്യേകമായി കടപ്പെട്ടവരുമാണ്. ഇതു സാദ്ധ്യമാകണമെങ്കിൽ പ്രാർത്ഥനാജീവിതം നയിക്കണം. കാരണം, അരൂപിയോടുള്ള തുറവി അതിന്റെ തനിമയിൽ യാഥാർത്ഥ്യമാകുന്നത് പ്രാർത്ഥനാനിമിഷങ്ങളിലാണ്. അതുകൊണ്ടു പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയിൽ ശക്തിപ്രാപിച്ച് മാനുഷിക ബലഹീനതകളെ അതിജീവിച്ചും കൂദാശാ പരികർമ്മത്തിലൂടെ അരൂപിയെ നല്കിയും തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**3. ആരെയും വിധിക്കാതിരിക്കുക**

"*സഹോദരരേ, നിങ്ങൾ പരസ്പരം എതിർത്തു സംസാരിക്കരുത്. സഹോദരനെതിരായി സംസാരിക്കുകയോ സഹോദരനെ വിധി*

*ക്കുകയോ ചെയ്യുന്നവൻ, നിയമത്തിനെതിരായി സംസാരിക്കുകയും നിയമത്തെ വിധിക്കുകയും ചെയ്യുന്നു. നിയമത്തെ വിധിക്കുന്നെങ്കിൽ, നീ നിയമം അനുസരിക്കുന്നവനല്ല; മറിച്ച്, അതിന്റെ വിധികർത്താവ ത്രേ. നിയമദാതാവും ന്യായാധിപനുമായി ഒരുവനേയുള്ളു. അവിടുന്നു രക്ഷിക്കാനും നശിപ്പിക്കാനും കഴിവുള്ളവനാണ്. എന്നാൽ അയൽക്കാ രനെ വിധിക്കാൻ നീ ആരാണ്?*" (4,11-12).

ദുരാശയും അഹങ്കാരവും പലപ്പോഴും പ്രകടമാകുന്നത് മറ്റുള്ള വരെക്കുറിച്ചുള്ള സംസാരത്തിലാണ്. അതുകൊണ്ടാണ് സഹോദര നെതിരെ സംസാരിക്കുകയോ അവനെ വിധിക്കുകയോ ചെയ്യരുത് എന്ന് യാക്കോബ്ശ്ലീഹാ എഴുതുന്നത്. ഗിരിപ്രഭാഷണത്തിൽ ഈശോ പറയുന്ന വാക്കുകളാണ് ഇതു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത്. ഈശോ പറയുന്നു: "വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. ... നീ സഹോദരന്റെ കണ്ണിലെ കരടു കാണു കയും നിന്റെ കണ്ണിലെ തടിക്കഷണം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യു ന്നത് എന്തുകൊണ്ട്? ... കപടനാട്യക്കാരാ ആദ്യം സ്വന്തം കണ്ണിൽനിന്നു തടിക്കഷണം എടുത്തുമാറ്റുക. അപ്പോൾ സഹോദ രന്റെ കണ്ണിലെ കരടെടുത്തുകളയാൻ നിനക്കു കാഴ്ച തെളിയും" (മത്താ 7,1-5). സഹോദരനെ വിധിക്കുന്നതിനെക്കുറിച്ച് പൗലോ സ്ശ്ലീഹാ റോമാക്കാർക്കും വിശദമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട് (റോമാ 14,4).

സഹോദരനെതിരായി സംസാരിക്കുകയോ സഹോദരനെ വിധി ക്കുകയോ ചെയ്യുന്നവൻ നിയമത്തിനെതിരായി സംസാരിക്കുകയും നിയമത്തെ വിധിക്കുകയും ചെയ്യുന്നു (4,11) എന്നാണു യാക്കോ ബ്ശ്ലീഹാ പറയുന്നത്. ഇവിടെ മോശയുടെ നിയമത്തെക്കാൾ (ലേവ്യ 19,16-18) ഗിരിപ്രഭാഷണത്തിൽ ഈശോ നല്കിയിരിക്കുന്ന നിയമമാ യിരിക്കണം ഇവിടെ വിവക്ഷിക്കുന്നത്. ഈശോയുടെ നിയമത്തെ വിധിക്കുന്നവൻ ഈശോയെത്തന്നെയാണ് വിധിക്കുന്നത്. നിയമദാ

താവിനു മാത്രമാണ് നിയമത്തിന്റെ വിധികർത്താവാകുവാനുള്ള അവകാശം. രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുള്ള ദൈവംമാത്രമാണ് (സങ്കീ 75,7) നിയമദാതാവ്. വിധിക്കുക വധിക്കുന്നതിനു തുല്യമാണ്. സഹോദരനെ വിധിച്ചു മാറ്റിനിർത്തിയാൽപിന്നെ ആ സഹോദരനുമായി ശരിയായ ബന്ധം പുലർത്താൻ കഴിയാതെവരും. സഹോദരസ്നേഹമാണല്ലോ ക്രൈസ്തവരുടെ മുഖമുദ്ര (യോഹ 13,34-35). എല്ലാ ക്രൈസ്തവർക്കും ഇതു ബാധകമാണെങ്കിൽ അവർക്കു നേതൃത്വം നല്കുന്ന പുരോഹിതർ ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധിക്കണം.

**4. ദൈവവിചാരത്തോടെ ജീവിക്കുക**

*"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽപോയി, അവിടെ ഒരു വർഷം താമസിച്ച്, വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുമെന്നു പ്രഖ്യാപിക്കുന്ന നിങ്ങളോട് ഒന്നു പറയട്ടെ. നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽമഞ്ഞാണു നിങ്ങൾ"* (4,13-14).

ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു പറഞ്ഞതിന്റെ ഒരു ഉദാഹരണമായി ശ്ലീഹാ ഇവിടെ ഈലോകവ്യാപാരത്തെപ്പറ്റി പറയുന്നു. വ്യാപാരത്തിലേർപ്പെടുന്നതു തെറ്റാണെന്നോ അതുവഴി ന്യായമായ ലാഭമുണ്ടാക്കുന്നതു തിന്മയാണെന്നോ അല്ല യാക്കോബ്ശ്ലീഹാ ഇവിടെ പറയുന്നത്. മറിച്ച്, ദൈവത്തെ മറന്നുകൊണ്ട് ഈലോകവ്യാപാരങ്ങളിൽ മുഴുകുന്നതിനെയാണ് ശ്ലീഹാ ഇവിടെ അപലപിക്കുന്നത്. ആധുനികമനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നമായി ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ ചൂണ്ടിക്കാണിക്കുന്നത് ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ ഇന്നു ദൈവവിചാരത്തിനു ഗ്രഹണം സംഭവിച്ചിരിക്കുന്നു. ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിൽനിന്നും ദൈവത്തെ മാറ്റിനിർത്തി

ക്കൊണ്ടു മുന്നേറാനുള്ള ഒരു ശ്രമമാണ് എവിടെയും കാണുന്നത്. ഏതു പ്രവർത്തനമേഖലയിലും ദൈവഹിതത്തിനായിരിക്കണം പ്രധാനസ്ഥാനം എന്നാണ് മാർപാപ്പായും പഠിപ്പിക്കുന്നത്.

മനുഷ്യജീവിതത്തിന്റെ ക്ഷണികത മനസ്സിലാക്കാതെ ഭാവിയെക്കുറിച്ച് അത്യാഗ്രഹത്തോടെ പദ്ധതികൾ തയ്യാറാക്കുന്നത് മൗഢ്യമാണെന്നാണ് ശ്ലീഹാ വെളിപ്പെടുത്തുന്നത്. ഭാവിയുടെ കർത്താവ് ദൈവമാണ്. ഈലോകജീവിതം നശ്വരമാണ്. ഭോഷനായ ധനികന്റെ ഉപമയിലൂടെ (ലൂക്കാ 12,16-21) ഈശോ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്. ഈലോകജീവിതത്തിന്റെ നശ്വരതയെ നാം അംഗീകരിക്കണം. ഈലോകജീവിതം മൂടൽമഞ്ഞുപോലെയാണ്: ഇപ്പോളുണ്ട്; പിന്നീടില്ല (4,14). ദൈവവിചാരമില്ലാതെ, അത്യാഗ്രഹത്തോടെയും അസൂയയോടെയും ജീവിതസുരക്ഷിതത്വം തേടുന്നതു മൗഢ്യമാണ്; നിത്യമായ ജീവിതസുരക്ഷിതത്വത്തിന് അപകടകരവുമാണ്. അതുകൊണ്ട് ദൈവത്തിലുള്ള സുരക്ഷിതത്വംമാത്രം തേടി ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ദൈവവിചാരത്തോടെ ജീവിക്കുവാൻ നാം തയ്യാറാകണം. സുവിശേഷപ്രഘോഷകരായ പുരോഹിതരെ സംബന്ധിച്ചിടത്തോളം ജീവിതസുരക്ഷിതത്വത്തെക്കുറിച്ചുള്ള ആകുലതകൾ ഇല്ലാതെ ലളിതജീവിതം നയിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അപ്രകാരം തന്റെ ജീവിതസാക്ഷ്യത്തിന്റെ പിൻബലത്തോടെ സുവിശേഷപ്രഘോഷണം നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

### 5. ദൈവഹിതം ജീവിതമാനദണ്ഡമാക്കുക

"*നിങ്ങൾ ഇങ്ങനെയാണു പറയേണ്ടത്: കർത്താവു മനസ്സാകുന്നെങ്കിൽ, ഞങ്ങൾ ജീവിക്കുകയും യഥായുക്തം പ്രവർത്തിക്കുകയും ചെയ്യും. നിങ്ങളോ, ഇപ്പോൾ വ്യർത്ഥഭാഷണത്താൽ ആത്മപ്രശംസ ചെയ്യുന്നു. ഇപ്രകാരമുള്ള ആത്മപ്രശംസ തിന്മയാണ്. ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു*" (4,15-17).

ദൈവികസുരക്ഷിതത്വത്തിൽ വിശ്വസിച്ച് ദൈവഹിതമനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനാണ് ശ്ലീഹാ ഉപദേശിക്കുന്നത്. ഗിരിപ്രഭാഷണത്തിൽ ഈശോ തന്റെ ശിഷ്യന്മാർക്കു കൊടുത്ത പ്രധാനപ്പെട്ട ഒരു പ്രബോധനമാണ് ദൈവപരിപാലനയെക്കുറിച്ചുള്ളത് (മത്താ 6,25-34). ഈശോയിൽ വിശ്വസിക്കുന്നവർക്ക് ഈലോകജീവിതത്തിൽ ആകുലത ഉണ്ടാകുവാൻ പാടില്ല. ദൈവത്തിൽ വിശ്വസിക്കാത്തവർക്ക് ലൗകികകാര്യങ്ങളെക്കുറിച്ചുള്ള ആകുലത ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ സർവ്വശക്തവും പിതാവുമായ ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അപ്രകാരമുള്ള ആകുലത ഉണ്ടാകുകയില്ല. 'സർവ്വശക്തൻ' എന്നു പറഞ്ഞാൽ, 'സകലവും നിയന്ത്രിക്കുന്നവൻ' എന്നാണർത്ഥം. ദൈവത്തിന്റെ നിയന്ത്രണംവിട്ട് ഈലോകത്തിൽ ഒന്നും സംഭവിക്കുകയില്ല. 'പിതാവ്' എന്നതിന്റെയർത്ഥം, 'തന്റെ മക്കൾക്ക് എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്നവൻ' എന്നാണ്. ഈശോയിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കിയിരിക്കുന്ന ഏറ്റം വലിയ സമ്മാനം ഈ സർവ്വശക്തനും പിതാവുമായ ദൈവത്തിന്റെ മക്കളായിരിക്കുവാനുള്ള അവകാശമാണ് (യോഹ 1,12-13). അതുകൊണ്ട് ആകുലതയില്ലാതെ ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിച്ചുകൊണ്ട് സമാധാനപരമായ ജീവിതം നയിക്കുവാൻ നമുക്കു കഴിയണം.

അപ്രകാരം ജീവിക്കുന്ന വിശ്വാസികൾ ദൈവത്തെക്കൂടാതെ ഈലോകത്തിൽ ഒരു പദ്ധതിയും തയ്യാറാക്കുകയില്ല. ദൈവത്തിന് എന്നെക്കുറിച്ചുള്ള പദ്ധതി ഇതാണെങ്കിൽ, അവിടുത്തെ സഹായത്താൽ ഞാനിതൊക്കെ ചെയ്യും എന്നു ചിന്തിക്കാൻ വിശ്വാസികൾക്കെല്ലാം കഴിയണം (4,15). ക്ഷണക്കത്തുകളിലും മറ്റും (D. V. - Deo Volente) എന്നു ചേർക്കുമ്പോൾ ഈ സത്യമാണു നമ്മൾ പ്രഘോഷിക്കുന്നത്. എന്റെ ഇഷ്ടം, എന്റെ യോഗ്യത, എന്റെ നേട്ടം എന്ന നിലപാട് തെറ്റാണ്, അപകടകരവുമാണ്. ദൈവത്തിന്റെ ഇഷ്ടം, ദൈവത്തിന്റെ ദാനം, ദൈവത്തിനു മഹത്ത്വം എന്നതു ശരിയാണ്, സുരക്ഷിതവുമാണ്. അവസാനമായി, ചെയ്യരുതാത്തതു ചെയ്യുന്നതു

മാത്രമല്ല, ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതും തെറ്റാണ് എന്ന ഓർമ്മപ്പെടുത്തലോടുകൂടിയാണ് ഈ അദ്ധ്യായം ശ്ലീഹാ അവസാനിപ്പിക്കുന്നത്. സഭാശുശ്രൂഷകരെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രസക്തമാണ്. കാരണം, അവരുടെ ശുശ്രൂഷയാണ് സഭയെ വേണ്ട വിധത്തിൽ കെട്ടിപ്പടുക്കുന്നത്. 'ശുശ്രൂഷാ പൗരോഹിത്യം' എന്നാണല്ലോ പുരോഹിതരുടെ പൗരോഹിത്യം അറിയപ്പെടുക. അതുകൊണ്ട് പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. എന്നിലുള്ള കേവലം മാനുഷികവും ലൗകികവുമായ താല്പര്യങ്ങളെ നിയന്ത്രിച്ചുകൊണ്ടു ജീവിക്കുവാനും ശുശ്രൂഷ ചെയ്യുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
2. ദൈവാരൂപിയോടു ചേർന്നു ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. ആരെയും വിധിക്കാതെയും, മുൻവിധികൂടാതെയും എല്ലാവരോടും ബന്ധപ്പെടുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. ദൈവവിചാരത്തോടും ജീവിതലാളിത്യത്തോടുംകൂടെ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ദൈവഹിതപ്രകാരം ജീവിതത്തെയും പദ്ധതികളെയും ക്രമീകരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ


**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 24,000/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്




റവ. ഫാ. മാത്യു
കുഴിവേലിൽ
04.09.2007



റവ. ഫാ. ജോസഫ്
കണികതോട്
09.09.1990



റവ. ഫാ. ജോസഫ്
തോട്ടുപുറം
11.09.2004



റവ. ഫാ. ജോൺ
തൊമ്മിത്താഴെ
20.09.2005



റവ. ഫാ. ജോസഫ്
നഗരൂർ
02.09.2011



റവ. ഫാ. തോമസ്
പുത്തൻപുരയ്ക്കൽ
18.09.2014



റവ. ഫാ. തോമസ്
കുമ്പുക്കാട്ട്
07.09.2015

# അജപാലനോത്തേജന വിഭാഗം

**ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള WEBINAR**

കാഞ്ഞിരപ്പള്ളി രൂപതയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനായുള്ള WEBINAR ആഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ 7 മണി വരെ zoom meeting വഴി നടത്തപ്പെട്ടു. രൂപതയിലെ എല്ലാ സിസ്റ്റേഴ്സിന്റെയും പങ്കാളിത്തത്തോടെ നടത്തപ്പെട്ട പരിപാടിയിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ആദ്ധ്യാത്മികതയും പ്രേഷിതാഭിമുഖ്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് മനോഹരമായ സന്ദേശം നൽകി. മർത്തയുടെയും മറിയത്തിന്റെയും ആദ്ധ്യാത്മികതയുടെ ഉള്ളറകൾ കണ്ടെത്തുവാനും സുവിശേഷത്തിന്റെ സന്തോഷം പ്രസരിപ്പിക്കുന്നവരാകുവാനും നമുക്ക് കഴിയണമെന്ന് അഭിവന്ദ്യ പിതാവ് ഉത്ബോധിപ്പിച്ചു. തുടർന്ന് അമൽജ്യോതി കോളജിലെ എം.സി.എ. ഡിപ്പാർട്ട്മെന്റ് മേധാവിയും നമ്മുടെ രൂപതയിലെ വൈദികനുമായ ബഹുമാനപ്പെട്ട റൂബിൻ തോട്ടുപുറത്തച്ചൻ ഇന്റർനെറ്റും നവമാധ്യമങ്ങളും, കരുതലും ഉപയോഗവും എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റത്തിൽ ജോസഫ് അച്ചൻ സ്വാഗതം ആശംസിച്ച സമ്മേളനത്തിന് എസ്.എച്ച്. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹുമാനപ്പെട്ട സിസ്റ്റർ മേരി ഫിലിപ്പ് സന്യാസിനികളെ പ്രതിനിധീകരിച്ച് നന്ദിയർപ്പിച്ചു. അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ സമാപന സന്ദേശത്തോടും പ്രാർത്ഥനയോടുംകൂടി യോഗം അവസാനിച്ചു.

**വൈദികന്മാർക്കുവേണ്ടിയുള്ള പ്രോഗ്രാം ഡയറി - ഷെഡ്യൂൾ - 2021**

രൂപതയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തി ബഹു. വൈദികർക്കായി പ്രോഗ്രാം ഡയറി തയ്യാറാക്കുന്നു. നിർദ്ദേശങ്ങളും അഭി

# വിശ്വാസജീവിത പരിശീലനം

**കുടുംബം ഈശോയോടൊത്ത് : പ്രതിസന്ധികൾക്കുമപ്പുറത്തേയ്ക്ക്**

വിശ്വാസജീവിതപരിശീലനത്തിന്റെ ഈ വർഷത്തെ ആദർശവാക്യം 'കുടുംബം ഈശോയോടൊത്ത്: പ്രതിസന്ധികൾക്കുമപ്പുറത്തേയ്ക്ക്' എന്നതാണ്. പ്രതിസന്ധികളിൽ തളരാതെ കുടുംബമാകുന്ന ഗാർഹിക സഭയെ ദൈവവിശ്വാസത്തിലും വിശുദ്ധിയിലും ഉറപ്പിക്കുക എന്നതാണ് ലക്ഷ്യം. പ്രസ്തുതവിഷയത്തെ ആസ്പദമാക്കി ഇടവകതലത്തിൽ കർമ്മപദ്ധതികൾ വിഭാവനം ചെയ്തു നടപ്പിൽ വരുത്താൻ ശ്രദ്ധിക്കുമല്ലോ. ഫാമിലി ക്വിസ്, രചനാമത്സരങ്ങൾ, ഷോർട്ട് വീഡിയോ അവതരണങ്ങൾ, അടുക്കളത്തോട്ടമത്സരം ഇവയൊക്കെ ക്രമീകരിക്കാവുന്നതാണ്.

---

## അജപാലനോത്തേജന വിഭാഗം

പ്രായങ്ങളും സെപ്റ്റംബർ 30 നകം രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. ഷെഡ്യൂൾ 2020 ലെ വൈദികരെ സംബന്ധിച്ചുള്ള (ഫോൺ നമ്പർ, ഇ-മെയിൽ) വിശദാംശങ്ങളിൽ വ്യത്യാസമുണ്ടെങ്കിൽ അറിയിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ആരാധനാവത്സര കലണ്ടർ**

2021 വർഷത്തെ ആരാധനാവത്സര വാർഷിക കലണ്ടർ തയ്യാറാക്കുന്നു. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സെപ്റ്റംബർ 30-നകം അറിയിക്കുമല്ലോ.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

**സൺഡേസ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷകൾ**

സൺഡേസ്കൂൾ ആദ്യസെമസ്റ്ററിലെ ക്ലാസുകൾ ഇതിനോടകം എല്ലാവർക്കും ലഭ്യമാണല്ലോ. പുസ്തകം വായിച്ചും അധ്യാപകർ ഓരോ ആഴ്ചയും ചോദ്യങ്ങൾ നല്കിയും കുട്ടികൾ പഠിക്കുന്നുണ്ടെന്നുറപ്പുവരുത്തുകയും ചെയ്യുന്നതിൽ സന്തോഷമറിയിക്കുന്നു. ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച ഒന്നാം സെമസ്റ്റർ പരീക്ഷകൾ നടത്തുന്നത് ഉചിതമാണ്. ഓരോ ക്ലാസിനും നല്കാവുന്ന ചോദ്യങ്ങൾ അയച്ചുനല്കുന്നതാണ്. കുട്ടികൾക്ക് വീട്ടിൽതന്നെ ഇരുന്ന് പരീക്ഷയെഴുതി ഉത്തരപേപ്പർ അധ്യാപകരെ ഏല്പിക്കാവുന്നതാണ്. ഗുഗിൾഫോം വഴിയും വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴിയും zoom/ Google Meet/ Webex ഇവ വഴി പരീക്ഷ നടത്താൻ സാധിക്കുന്ന ഇടവകകൾക്ക വികാരിയച്ചന്മാരുടെ പ്രത്യേക അനുവാദപ്രകാരം അപ്രകാരം നടത്താവുന്നതാണ്.

**കൈയെഴുത്തുമാസിക**

സൺഡേസ്കൂൾ കുട്ടികളുടെ കൈയെഴുത്തുമാസികകൾ ഏറെ ശ്രദ്ധേയവും കൂടുതൽ കുട്ടികൾക്ക് തങ്ങളുടെ സാഹിത്യാഭിരുചി വർദ്ധിപ്പിക്കാനുള്ള വേദിയുമാണ്. ഈ വർഷത്തെ കൈയെഴുത്തു മാസികയുടെ വിഷയം “കുടുംബം ഭൗമിക പറുദീസ”

2021 ഫെബ്രുവരി 28 നു മുമ്പായി കേന്ദ്രഓഫീസിൽ എത്തിക്കേണ്ടതാണ്. മാനദണ്ഡങ്ങളും മറ്റുനിർദ്ദേശങ്ങളും കഴിഞ്ഞ വർഷത്തെ സൺഡേസ്കൂൾ ഡയറിയിലേതുതന്നെ.

**ലേഖനമത്സരം**

വിശ്വാസജീവിതപരിശീലകരുടെ ലേഖനമത്സരത്തിനുള്ള വിഷയം കുടുംബം ഈശോയോടൊത്ത്: പ്രതിസന്ധികൾക്കുമപ്പുറത്തേയ്ക്ക് എന്നതാണ്. വിശ്വാസജീവിതത്തിന്റെ ഈറ്റില്ലമായ കുടുംബത്തിൽ സാക്ഷ്യജീവിതത്തിന്റെ പ്രസക്തി വ്യക്തമാണല്ലോ. സാധിക്കുന്നത്ര പേർക്ക് ലേഖനങ്ങൾ എഴുതാൻ പ്രേരണ നല്കുമല്ലോ.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

രൂപതയിലെ സൺഡേസ്കൂൾ ആനിമേറ്റേഴ്സിന്റെ ഓൺലൈൻ കോൺഫ്രൻസ് (Zoom meeting) ഓഗസ്റ്റ് 16-ാം തീയതി

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ നടത്തി. വികാരി ജന റാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ മുഖ്യ സന്ദേശം നല്കി. പ്രൊഫ. ബിനോ പി. ജോസ് വിശ്വാസജീവിത പരിശീലന കേന്ദ്രം ആവിഷ്കരിച്ചു നടപ്പാക്കുന്ന കർമപദ്ധതികൾ വിശദീകരിച്ചു. ഓൺലൈൻ ക്ലാസുകളിലും മീറ്റിംഗുകളിലും ശ്രദ്ധി ക്കേണ്ട കാര്യങ്ങളെപ്പറ്റി ഫാ. റൂബിൻ തോട്ടുപുറത്ത് സംസാരിച്ചു. മീറ്റിംഗിൽ പങ്കെടുത്ത വിശ്വാസപരിശീലകർ വിവിധ ഇടവകകളിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളെപ്പറ്റിയും മറ്റു നിർദ്ദേശങ്ങളും പങ്കു വച്ചു. ബഹുമാനപ്പെട്ട കുട്ടിസാറിനെ സമ്മേളനത്തിൽ പ്രത്യേകം അനുസ്മരിച്ചു പ്രാർത്ഥിച്ചു. ക്രിയാത്മകമായ ചർച്ചകളും നിർദ്ദേശ ങ്ങളും പങ്കുവയ്ക്കാൻ പ്രസ്തുതമീറ്റിംഗ് സഹായകമായി.

### ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

12-ാം ക്ലാസിലെ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ ഇനിയും വാങ്ങാത്ത ഇടവകകൾക്ക് ഓഫീസിൽ നിന്നും അവ കൈപ്പറ്റാവു ന്നതാണ്. ഇനിയും പുസ്തകങ്ങളോ കുർബാന പുസ്തകമോ ആവ ശ്യമെങ്കിൽ മുൻകൂട്ടി അറിയിച്ചാൽ അവ പായ്ക്ക് ചെയ്തു വയ്ക്കാ നാവുന്നതാണ്.

### ഹെഡ്മാസ്റ്റേഴ്സിന്റെ ഓൺലൈൻ മീറ്റിംഗ്

സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഓൺലൈൻ കോൺഫ്രൻസ് (Zoom meeting) നടത്തപ്പെടുന്നതാണ്. ജൂലൈ മാസ ത്തിൽ സമ്മേളിച്ചതുപോലെ തന്നെ അഭിപ്രായങ്ങൾ പങ്കുവയ്ക്കു വാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനുമായുള്ള പ്രസ്തുത മീറ്റിം ഗിൽ സാധിക്കുന്ന എല്ലാ പ്രഥമാധ്യാപകരും പങ്കെടുക്കേണ്ടതാണ്.

### Friendly Call

സൺഡേസ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കു വാനും ഓൺ ലൈൻ ക്ലാസുകളുടെ പ്രായോഗികതയെക്കുറിച്ച് വില യിരുത്തുവാനുമായി കഴിഞ്ഞവർഷം സൺഡേസ്കൂൾ സന്ദർശന ത്തിനെത്തിയ ആനിമേറ്റർമാർ സൺഡേസ്കൂൾ ഹെഡ്മാസ്റ്റേ ഴ്സിനെ ഫോണിൽ ബന്ധപ്പെടുന്നതാണ്.

# ചെറുപുഷ്പ മിഷൻ ലീഗ്

**2020 സെപ്റ്റംബർ**

01 ചൊവ്വ - എട്ടുനോമ്പാരംഭം

05 ശനി - മദർ തെരേസ ഓർമ്മദിനം

06 ഞായർ - മരിയൻ തീർത്ഥാടനം (ആത്മീയ തീർത്ഥാടനം)

07 തിങ്കൾ - അതിജീവനത്തിന് ഒരു ജപമാല

08 ചൊവ്വ - Marian Grotto - കുഞ്ഞുമിഷനറിമാർ ഭവനങ്ങളിൽ മാതാവിന്റെ രൂപം അലങ്കരിക്കുന്നു.

09 ബുധൻ - ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമ വാർഷികം

14 തിങ്കൾ - വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ പ്രാർത്ഥനാദിനമായി ആചരിക്കുക.

21 തിങ്കൾ - വി. മത്തായിശ്ലീഹായുടെ തിരുനാൾ
മാർ മാത്യു അറയ്ക്കൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനം

ഒക്ടോബർ 1 - വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

---

## വിശ്വാസജീവിത പരിശീലനം

**രചനാമത്സരങ്ങൾ**

കഥ, കവിത, ഉപന്യാസം എന്നീ രചനാമത്സരങ്ങൾ രൂപതാതലത്തിൽ നടത്തപ്പെടുന്നതാണ്. ഇടവക, ഫൊറോനാ തലങ്ങളിൽ നേരിട്ടോ ഓൺലൈനിലോ രചനാമത്സരങ്ങൾ നടത്തി ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവരുടെ പേര് സെപ്റ്റംബർ 30-ന് മുമ്പ് നൽകേണ്ടതാണ്. വിഷയങ്ങൾ അടുത്ത സുവാറയിൽ നല്കുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

**എട്ടുനോമ്പാചരണം**

സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതിവരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പാചരണം നടത്തുവാൻ എല്ലാ കുഞ്ഞുങ്ങളും ശ്രമിക്കുക. തങ്ങൾക്കിഷ്ടമുള്ള വിശിഷ്ട വിഭവങ്ങൾ ഉപേക്ഷിച്ച് നോമ്പെടുത്ത് പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിന് ഒരുങ്ങാം.

**അമ്മയ്ക്കരികെ**

സെപ്റ്റംബർ 1 മുതൽ മാതാവിന്റെ പിറവിത്തിരുനാളിനായി പ്രത്യേകം പ്രാർത്ഥിച്ചൊരുങ്ങുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. നമ്മുടെ കുടുംബങ്ങൾക്കുവേണ്ടിയും പകർച്ചവ്യാധിയിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടിയും പ്രത്യേക നിയോഗം സമർപ്പിച്ച് എട്ടുനോമ്പാചരിക്കാം. ഭവനങ്ങളിൽ മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു പ്രതിഷ്ഠിക്കുവാനും 8 ദിവസവും ഉച്ചത്തിൽ റംശാ പ്രാർത്ഥന ചൊല്ലുവാനും കുട്ടികളെ ഓർമ്മിപ്പിക്കേണ്ടതാണ്. സെപ്റ്റംബർ 8-ാം തീയതി അലങ്കരിക്കപ്പെട്ട മാതാവിന്റെ തിരുസ്വരൂപത്തിന്റെ ചിത്രങ്ങൾ പങ്കുവയ്ക്കുന്നതും ഉചിതമാണ്.

**Special Task - 'Hail Mary'**

- അമ്മയ്ക്ക് "500 - നന്മനിറഞ്ഞ മറിയം" എന്ന പ്രാർത്ഥന.
- സെപ്റ്റംബർ 1 മുതൽ 8 വരെ 59 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുക. 59 എന്നത് ഒരു കൊന്തയിലെ ആകെ മുത്തുകളുടെ എണ്ണം. മാതാവിന്റെ പിറവിത്തിരുനാളിൽ 28 എണ്ണം കൂടുതൽ ചൊല്ലി, മാതാവിന് 500 നന്മനിറഞ്ഞ മറിയമേ പ്രാർത്ഥന എത്തിക്കാം.

**മാതാവിന്റെ പിറവിത്തിരുനാൾ വിവിധ ഫൊറോനകളിൽ**

രൂപതയിലെ വിവിധ ഫൊറോനകളിലുള്ള കുഞ്ഞുമിഷനറിമാർ തങ്ങളുടെ ഭവനങ്ങളിലായിരുന്ന് വി. ഗ്രന്ഥത്തിൽ (പുതിയ നിയമത്തിൽ) പരിശുദ്ധ അമ്മയെപ്പറ്റി പറയുന്ന ബൈബിൾ ഭാഗങ്ങൾ

വായിക്കുകയും, അത് 1 – 2 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആയി അവതരിപ്പിക്കുകയും ചെയ്യുക.

**വീഡിയോ പ്രദർശനം:** 1-8 വരെ തീയതികളിൽ പരിശുദ്ധ അമ്മയെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങളും, സഭാപിതാക്കന്മാരുടെ പഠനങ്ങളും ആസ്പദമാക്കി വീഡിയോ സന്ദേശങ്ങൾ നൽകാവുന്നതാണ്.

**ലേഖന മത്സരം – ഫൊറോന, രൂപതാ തലത്തിൽ**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ അൽഫോൻസാ, സെന്റ് തോമസ് വിഭാഗങ്ങളിലെ കുട്ടികൾക്കായി ബഹു. മാലിപ്പറമ്പിൽ അച്ചന്റെയും മിഷൻലീഗ് കുഞ്ഞേട്ടന്റെയും അനുസ്മരണാർത്ഥം ലേഖനമത്സരം സംഘടിപ്പിക്കുന്നു.

ഫൊറോനാതലത്തിൽ ലേഖനമത്സരം സംഘടിപ്പിക്കുവാൻ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുക.. അതിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ലേഖനം രൂപതാകേന്ദ്രത്തിലേക്ക് അയച്ചു തരിക.

ഫൊറോനാതലത്തിൽ ലേഖനമത്സരം – അവസാന തീയതി സെപ്റ്റംബർ 10

ഒന്നാം സ്ഥാനം ലഭിക്കുന്ന രചന രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 15.

സംസ്ഥാനതല മത്സരം – സെപ്റ്റംബർ 21.

ലേഖനങ്ങൾ പേപ്പറിന്റെ ഒരു വശത്ത് എഴുതി മൂന്ന് പേജിൽ കവിയാതെ തയ്യാറാക്കുക. 2 വിഭാഗങ്ങളിലായി നടത്തപ്പെടുന്ന മത്സരത്തിന്റെ വിഷയം:

**ജൂണിയർ വിഭാഗം – 7, 8, 9 :** “ദൈവവിളി പ്രോത്സാഹനം മിഷൻലീഗ് സ്ഥാപകരുടെ പ്രവർത്തനങ്ങളിലൂടെ”

**സീനിയർ വിഭാഗം – 10, 11, 12 :** “ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകർ, ആധുനിക കാലഘട്ടത്തിൽ ദൈവവിളി പ്രോത്സാഹനത്തിന് മാർഗ്ഗങ്ങൾ”

## ബഹു. മാലിപ്പറമ്പിലച്ചന്റെ ചരമവാർഷികം

സെപ്റ്റംബർ 9-ാം തീയതി മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ പ്രത്യേകം പ്രാർത്ഥനയിൽ ഓർമ്മിക്കുവാനും വീഡിയോ സന്ദേശങ്ങൾ കൈമാറാനും ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വൈകുന്നേരം 5.30 ന് ജസ്റ്റിസ് കുര്യൻ ജോസഫ് പങ്കെടുക്കുന്ന Webinar നടത്തപ്പെടുന്നതാണ്.

## വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

ഒക്ടോബർ 1-ാം തീയതി മിഷൻലീഗിന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ ഓൺലൈൻ സംഗമങ്ങളും പ്രാർത്ഥനകളും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## പ്രേഷിതസ്മൃതി : കുഞ്ഞേട്ടൻ അനുസ്മരണം

കുഞ്ഞേട്ടന്റെ 11-ാം ചരമവാർഷികത്തോടനുബന്ധിച്ച് മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ ചെമ്മലമറ്റത്ത് കുഞ്ഞേട്ടന്റെ കബറിടത്തിങ്കലെത്തി പ്രാർത്ഥന നടത്തി. കുഞ്ഞേട്ടന്റെ മക്കളായ അലോഷ്യസ്, ബെന്നി എന്നിവരും കൊച്ചുമകൻ അബേഷും പങ്കെടുത്തു. ചെങ്ങളം ഇടവകയിലെ എക്സിക്യൂട്ടീവ് അംഗങ്ങളും പൊൻകുന്നം ഫൊറോനാഡയറക്ടർ ബഹു. എബിൻ കുഴിക്കാട്ടച്ചനും രൂപതാ അസി. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും ഡയറക്ടറച്ചനും പ്രാർത്ഥനകളിൽ പങ്കുചേർന്നു.

## അതിജീവനത്തിന് ഒരു ജപമാല

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബറിലെ 8 നോമ്പുദിനങ്ങളിൽ കേരളം മുഴുവനുമുള്ള മിഷൻലീഗ് അംഗങ്ങൾ ജപമാല യജ്ഞത്തിലേർപ്പെടുകയാണ്. 8 നോമ്പുദിനങ്ങളിൽ കോവിഡ് 19 മഹാമാരിയിൽനിന്നും ലോകം രക്ഷനേടുവാനായി സാധിക്കുന്നത്ര ജപമാല ചൊല്ലി പ്രാർത്ഥിക്കുമല്ലോ. സെപ്റ്റംബർ ആറാം തീയതി നമ്മുടെ രൂപതയ്ക്കായി പ്രത്യേകം നല്കപ്പെട്ടിരിക്കുന്ന ദിനമാണ്. ഫൊറോനാ,

യൂണിറ്റ് തലങ്ങളിൽ ക്രമീകരിക്കപ്പെടുന്ന ഓൺലൈൻ പ്രാർത്ഥനാക്കൂട്ടായ്മകളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കുചേരുകയും കൂടാതെ ഒരു ജപമാല പ്രത്യേകനിയോഗമായി ചൊല്ലുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**മരിയൻ തീർത്ഥാടനം (ആത്മീയ തീർത്ഥാടനം)**

സെപ്റ്റംബർ മാസത്തിലെ ആദ്യഞായറാഴ്ച പതിവായി നാം മരിയൻ തീർത്ഥാടനം നടത്താറുള്ളതാണല്ലോ. ഈ വർഷത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു ആത്മീയ തീർത്ഥാടനമാണ് നടത്തുന്നത്. സെപ്റ്റംബർ 6-ാം തീയതി രാവിലെ 11 മണിക്ക് കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും നടത്തപ്പെടുന്നു. കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ വച്ചു നടത്തപ്പെടുന്ന ശുശ്രൂഷകൾ ഓൺലൈനിൽ ലഭ്യമാകുന്നതാണ്. കുട്ടികൾ ആത്മീയമായി ഈ തീർത്ഥാടനത്തിൽ പങ്കുചേരുവാൻ ഓർമ്മിപ്പിക്കുമല്ലോ.

**നന്ദി, സ്വാഗതം**

ചെറുപുഷ്പമിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ഫാ. മാത്യു നടയ്ക്കൽ (കാഞ്ഞിരപ്പള്ളി) ഫാ. ആന്റണി കുഴിപ്പിൽ (പത്തനംതിട്ട), ഫാ. പ്രിയേഷ് കുമ്പിളുവേലിൽ (ഉപ്പുതറ) എന്നിവർക്ക് ആത്മാർത്ഥമായ നന്ദി. പുതിയ ഫൊറോനാ ഡയറക്ടർമാരായി ചുമതലയേറ്റെടുത്ത ഫാ. ജേക്കബ് ചാത്തനാട്ട് (പത്തനംതിട്ട), ഫാ. പയസ് കൊച്ചുപറമ്പിൽ (കാഞ്ഞിരപ്പള്ളി), ഫാ. വർഗീസ് ചക്കുംമൂട്ടിൽ (മുണ്ടക്കയം), ഫാ. ബിനു പൂവേലിൽ (ഉപ്പുതറ) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2020 - ഡിസംബർ 27**

KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 21-ാമത് അഖില കേരള ബൈബിൾ ഉപാസന - ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഇടവകയിലെ സൺഡേസ്കൂൾ ടെക് സപ്പോർട്ടറുമായി ബന്ധപ്പെട്ട് പേര് നല്കാൻ സാധിക്കുന്നത്ര പേരെ ഓർമിപ്പിക്കുമല്ലോ. 2020 ഡിസംബർ 27-ാം തീയതിയാണ് രൂപതാതല പരീക്ഷകൾക്കായി നിശ്ചയിച്ചിരിക്കുന്നത്. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ പതിവുപോലെതന്നെ ലോഗോസ് ക്വിസ് നടത്തപ്പെടുന്നതാണ്. സൺഡേസ്കൂളിൽ 4-ാം ക്ലാസ് മുതലുള്ള എല്ലാ കുട്ടികളോടും പാഠഭാഗം പഠിച്ച് ആവശ്യമായ ഒരുക്കങ്ങൾ നടത്താൻ ഓർമ്മിപ്പിക്കുമല്ലോ.

**രജിസ്ട്രേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

| | |
|---|---|
| രജിസ്ട്രേഷൻ | : ജൂൺ 1 -സെപ്റ്റംബർ 15 |
| രൂപതാതല പരീക്ഷ | : ഡിസംബർ 27 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ |

www.logosquiz.org എന്ന link open ചെയ്യുക. For Parish wise Registration Select Your Diocese ൽ "Kanjirapally" select ചെയ്യുക. അതിനുശേഷം “Center Login” കൊടുക്കുക. ഇടവകയുടെ Username and Password enter ചെയ്ത് Login ചെയ്തതിനു ശേഷം Center in charge Name, Mob. No., E-mail അഡ്രസ് എന്നിവ Fill ചെയ്യുക. (HM, അല്ലെങ്കിൽ Tech supporter വിവരങ്ങൾ നൽകി Update ചെയ്യുക. തുടർന്ന് മുൻവർഷങ്ങളിൽ ചെയ്തിരുന്നതുപോലെതന്നെ details enter ചെയ്യുക.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**റിലേ ഉപവാസസമരം**

CPO Rank List സംരക്ഷിക്കുക, പിൻവാതിൽ നിയമനങ്ങൾ തടയുക എന്നീ ആവശ്യങ്ങളുന്നയിച്ച് ജൂലൈ 21 മുതൽ നടത്തി വരുന്ന റിലേ ഉപവാസ സമരം തുടരുന്നു.

SMYM ഓഫീസിലും, വിവിധ ഇടവക SMYM ഓഫീസുക ളിലും പ്രവർത്തകരുടെ വീടുകളിലും ഇരുന്നു നടത്തുന്ന ഉപ വാസസമരം രൂപതാ SMYM-ന്റെ ഔദ്യോഗിക Facebook page-ൽ ലഭ്യമാണ്. ഉപവാസമിരുന്നവർക്കും, പിന്തുണ അറിയിച്ചവർക്കും ഒത്തിരി നന്ദി. നീതിലഭിക്കും വരെ സമരവുമായി മുൻപോട്ടു പോകുമെന്ന് SMYM രൂപതാസമിതി അറിയിച്ചു.

**വി. മരിയ വിയാനിയുടെ തിരുനാൾ**

വിവിധ ഫൊറോന SMYM സമിതികളുടെ നേതൃത്വത്തിൽ ഇടവക വികാരിമാരായ വൈദികർക്ക് വിശുദ്ധ മരിയ വിയാനിയുടെ തിരുനാളാശംസകൾ നേർന്നു. രൂപതാ SMYM ഓഫീസിൽ നിന്നും ഫോണിലൂടെ എല്ലാ വൈദികർക്കും ആശംസകളറിയിച്ചു.

**ഏന്തയാർ പള്ളി നിർമ്മാണ സഹായം**

ഏന്തയാർ സെന്റ് ജൂഡ് ദൈവാലയ നിർമ്മാണത്തിന്റെ ഭാഗ മായുള്ള കോൺക്രീറ്റിംഗ് പണികൾക്ക് കാഞ്ഞിരപ്പള്ളി രൂപതാ SMYM സഹായിച്ചു. ആഗസ്റ്റ് 2 ഞായറാഴ്ച നടന്ന വർക്ക് ക്യാമ്പിൽ കാഞ്ഞിരപ്പള്ളി, പെരുനാട്, കോരുത്തോട്, എരുത്വാപ്പുഴ, അമരാ വതി, വെള്ളാരംകുന്ന്, മേപ്പാറ, കുഴിത്തൊളു, ചെങ്ങളം എന്നീ

ഇടവകകളിൽ നിന്നായി 35 യുവജനങ്ങൾ പങ്കുചേർന്നു. രൂപതാ സമിതി അംഗങ്ങൾ നേതൃത്വം നൽകി.

**യുവജനങ്ങൾക്കുവേണ്ടി പ്രത്യേക പരിശുദ്ധ കുർബാന**

രൂപതാ SMYM ഡയറക്ടർ വർഗ്ഗീസ് കൊച്ചുപുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 15 ഞായറാഴ്ച ചെങ്ങളം, കണ്ണമ്പള്ളി ഇടവകകൾ സന്ദർശിച്ച് യുവജനങ്ങൾക്കായി പരിശുദ്ധ കുർബാന അർപ്പിച്ചു.

**മ്ലാമല മിഷൻ**

പ്രളയത്തിൽ ശാന്തിപ്പാലം, നൂറടിപാലം എന്നീ പാലങ്ങൾ തകർന്ന് യാത്രാദുരിതത്തിലായ മ്ലാമല നിവാസികൾക്ക് സഹായമായി ആഗസ്റ്റ് 16, 17 തീയതികളിൽ മ്ലാമല മിഷൻ സംഘടിപ്പിച്ചു. ആദ്യദിവസം മൂങ്കലാർ-മ്ലാമല റോഡും രണ്ടാംദിനം ശാന്തിപ്പാലം വഴി ചപ്പാത്ത് പോകുന്ന വഴിയും യാത്രായോഗ്യമാക്കി. മ്ലാമല, കീരിക്കര, വെള്ളാരംകുന്ന്, അമരാവതി, കൊച്ചുതോവാള, റാന്നി-പത്തനംതിട്ട ഫൊറോന SMYM, നെറ്റിത്തൊഴു എന്നിവിടങ്ങളിൽ നിന്നുള്ള നൂറോളം യുവജനങ്ങൾ വർക്ക് ക്യാമ്പിൽ പങ്കാളികളായി. കുമളി, കാഞ്ഞിരപ്പള്ളി ഫൊറോന പ്രസിഡന്റ്മാരോടൊപ്പം രൂപത പ്രസിഡന്റ് ആൽബിൻ തടത്തേൽ, കൗൺസിലർ അബി ഐപ്പൻപറമ്പിൽ എന്നിവർ നേതൃത്വം നൽകി. റോഡിന് സാമ്പത്തിക സഹായം അനുവദിച്ച മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ, ഇടവക വികാരി ജോസഫ് നെല്ലിമലമറ്റം എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**എം.എം.റ്റി. ഹോസ്പിറ്റലിന് ആദരം**

കോവിഡ് രോഗിയായ ഗർഭിണിക്ക് ചികിത്സ നിഷേധിക്കാതെ സർജറി നടത്തി മാതൃകയായ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ജീവനക്കാരെ ആദരിച്ചു. രൂപത വികാരി ജനറാൾമാരായ വെരി റവ. ഫാ. ജോസഫ് വെള്ളമറ്റം,

വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ SMYM-ന്റെ ആദരസൂചകമായി ഡയാലിസിസി നുള്ള സഹായധനവും സഹായവാഗ്ദാനവും നൽകി. ഫാ. സോജി കന്നാലിൽ, ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ എന്നിവർ ആദരം ഏറ്റുവാങ്ങി.

**195 രാഷ്ട്രത്തലവന്മാർക്ക് കത്ത്**

പാക്കിസ്ഥാനിൽ പീഡനത്തിനിരയായി നിർബന്ധിത മതം മാറ്റം നടത്തി വിവാഹം നടത്തിയ മരിയ ഷഹബാസ്, സ്നേഹ കിത്സ എന്നീ പെൺകുട്ടികളുടെ നീതിക്കായി ലോകമനസാക്ഷിയെ ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 195 രാഷ്ട്രത്തലവന്മാർക്ക് ഇ-മെയിൽ സന്ദേശമയച്ചു. ലോകത്തെ എല്ലാ മനുഷ്യാവകാശ സംഘടനകൾക്കും ഇന്ത്യയിലെ ലോകസഭാ അംഗങ്ങൾക്കും ഇതിന്റെ ഭാഗമായി ഇ-മെയിൽ സന്ദേശം അയച്ചു.

**ഇ-മെയിൽ ചലഞ്ച്**

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലനിർത്തണമെന്ന ആവശ്യവുമായി കേരള ഗവർണർക്ക് 1000 ഇ-മെയിൽ അയച്ചു.

**ആദരാഞ്ജലികൾ**

യുവദീപ്തിയുടെ 1992-1994 വർഷങ്ങളിലെ രൂപതാ ആനിമേറ്ററായിരുന്ന സി. മേഴ്സി മണ്ണാറാത്ത് എസ്.എ.ബി.എസ്. ആഗസ്റ്റ് 7 -നും പെരുവന്താനം ഫൊറോന SMYM എക്സിക്യൂട്ടീവ് അംഗം ജോസഫ് പുളിക്കൽ ആഗസ്റ്റ് 20 -നും നിര്യാതരായി. ഇവരിലൂടെ SMYM പ്രസ്ഥാനത്തിനു ലഭിച്ച എല്ലാ നന്മകൾക്കും നന്ദി.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

## MMT യ്ക്ക് ആദരം

കോവിഡ് പോസിറ്റീവായ യുവതിയുടെ പ്രസവശുശ്രൂഷ ധൈര്യപൂർവ്വം ഏറ്റെടുത്ത MMT ആശുപത്രിയിലെ ഡോക്ടർമാർ, നേഴ്സുമാർ, മറ്റു ജീവനക്കാർ, ആശുപത്രി മാനേജ്മെന്റ് എന്നിവരെ ഫാമിലി അപ്പോസ്തലേറ്റ് ആദരിച്ചു. ആശുപത്രിയിലെ മുഴുവൻ ജീവനക്കാർക്കും N95 മാസ്ക്, ഫേസ് ഷീൽഡ് എന്നിവ ഉൾപ്പെടുന്ന സുരക്ഷാഉപകരണങ്ങൾ സമ്മാനമായി നൽകുകയും ചെയ്തു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സരത്തിന്റെ 12 ഭാഗങ്ങൾ പൂർത്തിയായി

**സമ്മാനാർഹരായവർ**

MVQ - 9 : പൗളി സാബു, വട്ടയ്ക്കാട്ട്, കപ്പാട്

MVQ - 10 : ജിജി ജോസ്, പാറയ്ക്കൽ, വണ്ടൻപതാൽ

MVQ - 11 : ആനിയമ്മ ബാബു, പുത്തൻപുരയ്ക്കൽ, മുണ്ടക്കയം

MVQ - 12 : മറിയമ്മ എബ്രാഹം, മണ്ണംപ്ലാക്കൽ, എരുമേലി

വിജയികളായവർക്കുള്ള സമ്മാനങ്ങൾ ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. സമ്മാനങ്ങൾ വിജയികൾക്ക് എത്തിച്ചുകൊടുക്കുവാൻ വികാരിയച്ചന്മാർ ഓർക്കുമല്ലോ.

**അർദ്ധവാർഷിക റിപ്പോർട്ട്**

ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിലെ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ട് (അർദ്ധവാർഷിക റിപ്പോർട്ട്) അയയ്ക്കാത്തവർ അടുത്ത ദിവസങ്ങളിൽ തന്നെ രൂപതാ ഓഫീസിലേക്ക് തപാലിൽ അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**പ്രബന്ധരചന**

പ്രബന്ധങ്ങൾ സമർപ്പിക്കേണ്ട അവസാനതീയതി 2020 സെപ്റ്റംബർ 30 ആണെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു.

ഒക്ടോബർ 7 വരെ 250 രൂപ ഫൈനോടുകൂടെയും ഒക്ടോബർ 15 വരെ 500 രൂപ ഫൈനോടുകൂടെയും പ്രബന്ധം സമർപ്പിക്കാവുന്നതാണ്. അതിനുശേഷം ലഭിക്കുന്നവ (തപാലിൽ ഉൾപ്പെടെ) പരിഗണിക്കുന്നതല്ല. വിഷയം : "വിശ്വാസവും വിശുദ്ധിയും അമ്മയിലൂടെ".

**മാതൃവേദി രചനാമത്സരങ്ങൾ**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി നടത്തുന്ന രചനാമത്സരങ്ങൾ സെപ്റ്റംബർ 10, 12, 21 തീയതികളിൽ ഓൺലൈനായി നടത്തപ്പെടുന്നതാണ്.

**മത്സരങ്ങൾ**

**a) കഥാരചന**

തീയതി : 10 സെപ്റ്റംബർ (വ്യാഴം)
വിഷയം നൽകുന്ന സമയം : 10.55 a.m.
മത്സര സമയം : ഒരു മണിക്കൂർ (11.00 a.m. - 12.00 p.m.)
രചനകൾ അയച്ചുകിട്ടേണ്ട അവസാന സമയം : 12.15 p.m.

**b) കവിതാ രചന**

തീയതി : 12 സെപ്റ്റംബർ (ശനി)
വിഷയം നൽകുന്ന സമയം : 10.55 a.m.
മത്സര സമയം : ഒരു മണിക്കൂർ (11.00 a.m. - 12.00)
രചനകൾ അയച്ചുകിട്ടേണ്ട അവസാന സമയം : 12.15 p.m.
കവിത 25 വരികളിൽ കൂടാൻ പാടില്ല.

**c) ഉപന്യാസ രചന**

തീയതി : 21 സെപ്റ്റംബർ (തിങ്കൾ)
വിഷയം നൽകുന്ന സമയം : 10.55 a.m.
മത്സര സമയം : ഒരു മണിക്കൂർ (11.00 a.m. - 12.00)
രചനകൾ അയച്ചുകിട്ടേണ്ട അവസാന സമയം : 12.15 p.m.
ഉപന്യാസ മത്സരത്തിനു നറുക്കിട്ടെടുക്കുന്ന വിഷയമാകും നൽകുക. വിഷയത്തെക്കുറിച്ച് 10 പേജിൽ കവിയാതെ ഉപന്യാസം എഴുതുക.

**ഉപന്യാസ വിഷയങ്ങൾ**

1. ഇനിയും വളരേണ്ട വിശ്വാസവും വിശുദ്ധിയും.
2. സഭ വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും വിളനിലം.
3. വിശുദ്ധിയും വിശ്വാസവും വളർത്തുന്നതിൽ മാതൃവേദിയുടെ പങ്ക്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ഓൺലൈൻ സുറിയാനി കോഴ്സ്**

നസ്രാണി റിസേർച്ച് സെന്റർ വടവാതൂർ പൗരസ്ത്യ വിദ്യാപീഠവുമായി ചേർന്നു നടത്തുന്ന ഓൺലൈൻ സുറിയാനി കോഴ്സ് ഓഗസ്റ്റ് 15-ാം തീയതി ആരംഭിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി 190 പേർ കോഴ്സിനു പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ കോഴ്സ് നിയമാനുസൃതം പൂർത്തിയാക്കുന്നവർക്ക് വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കും.

**പ്രോജക്ട് ഗ്രീൻ പാരീഷ്**

നസ്രാണി റിസേർച്ച് സെന്ററിന്റെ റിസേർച്ച് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന പ്രോജക്ട് ഗ്രീൻ പാരീഷ് പദ്ധതിയിൽ ചേർന്നിരിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതാ മെത്രാസനമന്ദിരത്തിൽ പ്രോജക്ടിന്റെ പ്രഥമ നടപടികൾ കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിന്റെ സഹകരണത്തോടെ ആരംഭിച്ചു.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ആഗസ്റ്റ്**

04 വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. മൂന്നാം വർഷ വൈദികവിദ്യാർത്ഥികളുടെ കലാസന്ധ്യയും നടത്തപ്പെട്ടു.

06 ഈശോയുടെ രൂപാന്തരീകരണ തിരുനാളിൽ ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു.

15 പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിൽ ആഘോഷമായ റാസാ കുർബാന ബഹു. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു.

- ഇന്ത്യൻ സ്വാതന്ത്ര്യദിനം അനുസ്മരിച്ച് ദേശീയ പതാക ഉയർത്തി.

- രണ്ടാം വർഷ വൈദികവിദ്യാർത്ഥികളുടെ കലാസന്ധ്യയിൽ സെന്റ് ഡോമിനിക്സ് കോളേജ് പ്രൊഫ. റോണി കെ. ബേബി മുഖ്യപ്രഭാഷണം നടത്തി.

**ഫാ. ജോൺ പനച്ചിക്കൽ**

**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

07-08-2020 - ൽ ഗൂഗിൾ മീറ്റ് മീഡിയ വഴി ആദ്യമായി സോണൽ സേവനസമിതി ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. കൊറോണ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്ന് ഓൺലൈൻ വഴി നടത്തുന്ന കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു. രൂപതയുടെ web site - നു വേണ്ട റിപ്പോർട്ടുകൾ കാത്തലിക് കരിസ്മാറ്റിക് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുള്ളത് തയ്യാറാക്കി നൽകി.

**സബ്റീജൻ മദ്ധ്യസ്ഥപ്രാർത്ഥന : 12.08.2020 - ൽ**

സൗത്ത് സെൻട്രൽ സബ്റീജന്റെ നേതൃത്വത്തിൽ നടത്തിയ മദ്ധ്യസ്ഥപ്രാർത്ഥനാകൂട്ടായ്മയിൽ സോണൽ സേവനസമിതിയും മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി ടീമും പങ്കുചേർന്നു.

**കെ.സി.സി.ആർ.എസ്.റ്റി. സന്ദർശനം (KCCRST)**

10-08-2020 ൽ KCCRST ഗൂഗിൾമീറ്റ് സന്ദർശനം നടത്തി. KCCRST ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി നേതൃത്വം നല്കിയ ടീമിൽ എമ്മാവൂസിൽ നിന്നും 10 പേർ സംബന്ധിച്ചു. സബ്റീജൻ പ്രതിനിധിയായി ശ്രീ.റ്റി.ഡി. ജോർജ് പങ്കെടുത്തു. സേവനസമിതി അംഗങ്ങൾ 10 പേർ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒന്നിച്ചുചേർന്നു. ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയായിരുന്നു സന്ദർശനം.

13-05-2020 - ൽ സോണൽ സമിതി എല്ലാ മാസത്തിലെ വെള്ളിയാഴ്ചകൾ തോറും നടത്തുവാൻ തീരുമാനിച്ച ആദ്യപ്രാർത്ഥന ഗൂഗിൾമീറ്റ് മുഖേന രാത്രി 9 മണി മുതൽ 10 മണിവരെ നടത്തി.

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കൽ**

**ഡയറക്ടർ**

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

ഓൺലൈൻ വഴി സബ്സോൺ സന്ദർശനം, മദ്ധ്യസ്ഥ പ്രാർത്ഥന, സോണൽ ZAC തുടങ്ങിയ കൂട്ടായ്മകൾ നടത്തുവാൻ ആലോചിച്ചു.

**ക്രിസ്റ്റീൻ മിനിസ്ട്രി**

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആൽഫ 2020 ബൈബിൾ ക്വിസിന്റെ ഫൈനൽ 2020 സെപ്റ്റംബറിലെ രണ്ടാം ശനിയാഴ്ച നടത്തുന്നു. ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'വിളക്കുമരം' - A Sharing Cell for Teenagers കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗിനും നിർദ്ദേശങ്ങൾക്കുമായുള്ള പ്രോഗ്രാം, Fr. Mathew Karipal OFM Cap, Counseller & Psychologist, Dr. P.M. Chacko Physician & Psychologist - ഉം Advisors ആയുള്ള ടീം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

വിളിക്കാനുള്ള നമ്പരുകൾ : 9947642806, 9447782830

**ഫാ. മാത്യു ഓലിക്കൽ**

**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കെ.സി.ബി.സി. ആരാധനായജ്ഞം**

2020 ജൂലൈ 31 ന് കെ.സി.ബി.സി.യുടെ കീഴിലുള്ള കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിൽ ലോകം മുഴുവനുമായുള്ള കൊറോണ വൈറസ് ബാധിതർക്കുവേണ്ടി ആരാധനായജ്ഞം നടത്തി. അണക്കര ധ്യാനകേന്ദ്രത്തിൽ നിന്നും ബഹു. ഡോമിനിക്ക് അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോ കളപ്പുര, ബ്രദർ അഖിൽ ഏറത്ത്, ബ്രദർ ജോബിൻസ് , ബ്രദർ ജോണി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാഭിഷേകം ആദ്യശനി ഓൺലൈൻ ബൈബിൾ കൺവൻഷൻ**

2020 ആഗസ്റ്റ് 1-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനിലൂടെ നടന്നു. സ്ലീവാപാത, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, ആഘോഷമായ പരിശുദ്ധ കുർബാന എന്നിവയ്ക്ക് ബഹു. ഡൊമിനിക്കച്ചൻ നേതൃത്വം നൽകി.

**സ്വർഗ്ഗാരോപണത്തിരുനാൾ**

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് രാവിലെ ആഘോഷപൂർവ്വമായ ബലിയർപ്പണം നടന്നു. ബഹു. ഡൊമിനിക്കച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ബഹു. തോമസ് അറയ്ക്കൽ അച്ചനും ചാക്കോ കളപ്പുര അച്ചനും സഹകാർമ്മികരായി.

## വികാരി ജനറാൾ അച്ചന്മാരുടെ സന്ദർശനം

ആഗസ്റ്റ് 19 ന് രൂപതാ വികാരി ജനറാൾമാരായ പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചനും ബോബി മണ്ണംപ്ലാക്കലച്ചനും സന്ദർശനം നടത്തി.

## ഏകദിന ഓൺലൈൻ ധ്യാനം - കുവൈറ്റ്

2020 ആഗസ്റ്റ് 20 ന് കുവൈറ്റിലെ മലയാളികൾക്കായുള്ള ധ്യാനം ഓൺലൈനിലൂടെ നടത്തപ്പെട്ടു. വൈകുന്നേരം 3 മണിമുതൽ 10 മണിവരെ ധ്യാനശുശ്രൂഷകൾ നടന്നു. ബഹു. ഡൊമിനിക്ക് വാളന്മനാൽ അച്ചൻ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ അഖിൽ ഏറത്ത്, ബ്രദർ ജോസി, ബ്രദർ ജോബിൻസ്, ബ്രദർ വിമൽ സണ്ണി എന്നിവർ ധ്യാനശുശ്രൂഷകളിൽ സഹായിച്ചു.

## ഓൺലൈൻ റെസിഡൻഷ്യൽ റിട്രീറ്റ്

2020 ആഗസ്റ്റ് 21, 22, 23 എന്നീ ദിവസങ്ങളിൽ ഓൺലൈൻ ധ്യാനം നടത്തപ്പെടുകയും 200-ഓളം കുടുംബങ്ങൾ ഇതിൽ പങ്കെടുക്കുകയും ചെയ്തു. ബഹു. ഡൊമിനിക്ക് അച്ചൻ നേതൃത്വം നൽകി. റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## ഓൺലൈൻ ധ്യാനം - യു.കെ.

യു.കെ.യിലുള്ള മലയാളികൾക്കായി ഓൺലൈൻ ധ്യാനം നടത്തി. ആഗസ്റ്റ് 28, 29, 30 തീയതികളിൽ നടന്ന ധ്യാനത്തിന് ബഹു. ഡൊമിനിക്ക് അച്ചൻ നേതൃത്വം നൽകി. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോ കളപ്പുരയ്ക്കൽ, ബ്രദർ ജയ്സൺ, ബ്രദർ ജോസി, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ഓൺലൈൻ ശുശ്രൂഷ**

എല്ലാ ദിവസവും വൈകിട്ട് 5 മണിക്കു സ്ലീവാപാതയും ജപമാലയും തുടർന്ന് ആഘോഷമായ വി. കുർബാനയും ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിനായി സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**നന്ദി**


അണക്കര ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷയ്ക്കുശേഷം അറയ്ക്കൽ പിതാവിന്റെ പുതിയ റീജന്റായി നിയമിക്കപ്പെട്ട ബ്രദർ ജോയിസ് തെക്കേവയലിന് അണക്കര ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡോമിനിക്ക് വാളന്മനാൽ ഹൃദയപൂർവ്വം നന്ദി അറിയിച്ചു.

**സ്വാഗതം**

അണക്കര ധ്യാനകേന്ദ്രത്തിലേക്ക് ശുശ്രൂഷയ്ക്കായി വന്ന റീജന്റ് ബ്രദർ അഖിൽ ഏറത്തിനെ അണക്കര മരിയൻ ധ്യാനകേന്ദ്ര ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാൽ സ്വാഗതം ചെയ്തു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- പ്ലാച്ചേരി കാർമ്മൽഗിരി കോൺവെന്റിൽ ഫോർമേഷൻ നട ത്തുന്ന പോസ്റ്റുലൻസിനെ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയും പ്രൊവിൻഷ്യൽ കൗൺസിലർ സി. ടോംസിയും സന്ദർശിച്ചു.

- എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. മേഴ്സി മണ്ണാറാത്തിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയും കൗൺസിലേഴ്സും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കു കയും ചെയ്തു.

- മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും സുപ്പറാമൊളിക്ക്യൂളാർ കെമിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ച സി. ചെറുപുഷ്പം സി. എം.സി.ക്ക് അഭിനന്ദനങ്ങൾ. കാഞ്ഞിരപ്പള്ളി സി.എം.സി. അമ ലാപ്രോവിൻസിന്റെ കീഴിലുള്ള അമൽജ്യോതി റീജൻ ജയ്പൂ രിലെ അംഗമാണ്.

- ഡോ. സി. ചെറുപുഷ്പത്തിന്റെ Ph.D യുടെ ഡിഫൻസ് വീഡിയോ കോൺഫറൻസ് വഴിയായി പ്രൊവിൻസിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. സിസ്റ്റർ ചെറുപുഷ്പം ഇപ്പോൾ ഫരീദാബാദ് മിഷനിൽ സേവനം ചെയ്യുന്നു.

- ഭാരതത്തിന്റെ 74-ാം സ്വാതന്ത്ര്യദിനാഘോഷം ലളിതമായ രീതി യിൽ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. പരിശുദ്ധ കന്യാമറി

യത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ റവ. ഫാ. ജെയിസ് വയലിക്കുന്നേൽ സി.എം.ഐ. ആഘോഷപൂർവ്വമായ വി. കുർബാനയർപ്പിച്ച് ആചരിച്ചു. വി. കുർബാനയ്ക്കുശേഷം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പതാക ഉയർത്തി. ഹിന്ദി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ സ്വാതന്ത്ര്യദിനസന്ദേശം സിസ്റ്റേഴ്സ് നൽകി.

- പൊടിമറ്റം കാർമ്മൽ ഹോസ്റ്റൽ, പ്രൊവിൻഷ്യൽ ഹൗസ്, കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കോൺവെന്റ്, ചിറക്കടവ് സെന്റ് പയസ് കോൺവെന്റ് എന്നിവിടങ്ങളിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വി. കുർബാനഅർപ്പിച്ച് പ്രാർത്ഥിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.
- കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ വച്ച് കോവിഡാനന്തര പ്രവർത്തനത്തെ സംബന്ധിച്ച് നടത്തിയ സൂം മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി രൂപത സമർപ്പിതരുടെ പ്രതിനിധിയായി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി സംബന്ധിച്ചു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽപിതാവ് സന്യസ്തരുമായി നടത്തിയ zoom meeting-ൽ സി.എം.സി. അമലാപ്രോവിൻസിലെ, കേരളത്തിലും മിഷനിലുമുള്ള എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ പ്രോവിൻസിലെ എല്ലാ മഠങ്ങളിലും സാഘോഷം ആചരിച്ചു. വിശുദ്ധ എവുപ്രാസ്യാമ്മയുടെ സുകൃതജീവിതത്തെ ആസ്പദമാക്കി ധ്യാനചിന്തകൾ, നൊവേനകൾ, വീഡിയോകൾ മുതലായവ സിസ്റ്റേഴ്സ് നടത്തി കൂടുതൽ ആത്മീയ ചൈതന്യത്തിൽ ആഴപ്പെട്ട് അന്നേദിനം 'സൂപ്പർ സീനിയേഴ്സ് ഡേ' ആയി ആചരിച്ചു.
- കോവിഡ് - 19 ന്റെ പ്രതിരോധ ബോധവത്ക്കരണത്തിന്റെ ഭാഗമായി സാരഥി സംസ്ഥാന ഓഫീസിൽ നിന്ന് എത്തിച്ച

പ്ലാക്കാർഡുകളും ബാനറുകളും പൊടിമറ്റം ഡ്രീം സാരഥി ഭാരവാഹികൾക്ക് സോഷ്യൽവർക്ക് കൗൺസിലർ സി. റ്റോംസി വിതരണം ചെയ്തു. തദവസരത്തിൽ സി. ജെസ്മി, സി. ജാസ്മിൻ എന്നിവരും സന്നിഹിതരായിരുന്നു.

- ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓൺലൈൻ മീറ്റിംഗിൽ സി. റ്റോംസി, സി. ജെസ്മി എന്നിവർ സംബന്ധിച്ചു.
- ജൈവകൃഷി പദ്ധതിയുടെ ഭാഗമായി കൂൺകൃഷി ഓൺലൈൻ ക്ലാസിൽ 5 സിസ്റ്റേഴ്സും ഏതാനും മാതാക്കളും പങ്കെടുത്തു.
- കോവിഡ്-19 ന്റെ അതിജീവനത്തിന്റെ ഭാഗമായി ഏതാനും കുടുംബങ്ങൾക്ക് അർഹമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു. വിവാഹസഹായം രണ്ടു പെൺകുട്ടികൾക്ക്, പഠനസഹായം മൂന്നു കുട്ടികൾക്ക്, ഭവനനിർമ്മാണം രണ്ടു കുടുംബം, സ്വയം തൊഴിൽ കൃഷി 35 കുടുംബങ്ങൾക്ക് ഇവർക്ക് സാമ്പത്തിക സഹായം നൽകി.
- പൊടിമറ്റം സമീപപ്രദേശങ്ങളിലെ ഭവനങ്ങൾ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയും സി. റ്റോംസിയും സന്ദർശിച്ച് ഓരോ ഭവനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുത്തു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- വിശുദ്ധ ക്ലാരയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി.
- വീട്ടമ്മമാർക്ക് സ്വയം തൊഴിലും വരുമാനവും എന്ന പദ്ധതിയിൻ കീഴിൽ ഹൈറേഞ്ചുമേഖലയിലെ പല സ്ഥലങ്ങളിലായി നാൽപത് കുടുംബങ്ങൾക്ക് ആടിനെ നൽകി സാമ്പത്തിക ഭദ്രതയ്ക്ക് സഹായിച്ചു.

- കേരള സ്റ്റേറ്റ് വെൽഫയർ ബോർഡിന്റെ നേതൃത്വത്തിൽ അസീസി ഷൽട്ടർ ഹോമിൽ ഓൺ ലൈൻ ഇൻസ്പെക്ഷൻ നടത്തി.
- തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലുള്ള കറസ്പോണ്ടൻസ് ബി.റ്റി.എച്ച് കോഴ്സിന്റെ മൂന്നാം സെമസ്റ്റർ ഓൺലൈൻ ക്ലാസിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- പോസ്റ്റുലൻസിയിലുള്ള അർത്ഥിനികളെ പരിശീലനത്തിന്റെ ഭാഗമായി 2 മാസത്തെ റീജൻസിക്കായി വിവിധ മഠങ്ങളിലേയ്ക്ക് അയച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കെ.സി.ബി.സി. ആഹ്വാനം ചെയ്തതിൻപ്രകാരംതൃശൂർ അമല മെഡിക്കൽ കോളജിന്റെ സഹകരണത്തോടെ നടത്തപ്പെട്ട കോവിഡ് - 19 ബോധവത്ക്കരണ ഓൺലൈൻ പരിപാടിയിൽ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.
- കോവിഡുകാലം എപ്രകാരം ഫലപ്രദമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കി അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സന്യാസിനികൾക്ക് നൽകിയ Zoom meeting - ൽ സ്വദേശത്തും,വിദേശത്തും ഉള്ള എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- നിയമാവലി പഠനത്തിൽ പങ്കെടുത്ത് കൂടുതൽ മാർക്കുനേടിയ സിസ്റ്റേഴ്സിന് പ്രായാടിസ്ഥാനത്തിൽ സമ്മാനം നൽകി അനുമോദിച്ചു.
- സോഷ്യൽ വർക്ക് ലീഡേഴ്സിന്റെ ജനറൽബോഡി മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. Women's welfare Association - നു വേണ്ടി തദവസരത്തിൽ 50,000/- രൂപ ബഹു. പ്രോവിൻഷ്യൽ അമ്മ സോഷ്യൽ വർക്ക് പ്രസിഡന്റും കൗണ്ടസിലറുമായ സി. റ്റിൻസി വരകുകാലായെഏല്പിച്ചു.

തുടർന്ന് നടത്തേണ്ടതായ ഭാവികാര്യങ്ങൾ ആസൂത്രണം ചെയ്തു.

- കാഞ്ഞിരപ്പള്ളി സെന്റ് ജോൺസ് പ്രൊവിൻസ് നേപ്പാൾ മിഷനിൽ ആദ്യമായി ആരംഭിച്ച സെന്റ് അൽഫോൻസാ ഹൈസ്കൂൾ ആദ്യ ബാച്ച് മികച്ച വിജയം നേടി.(100% )
- എലിക്കുളം ബാലികാഭവനമായിരുന്ന കെട്ടിടം പുനർനിർമ്മാണം നടത്തി രണ്ട് നിർദ്ധന കുടുംബങ്ങൾക്ക് താമസത്തിനായി നൽകി.
- ഈ കാലയളവിൽ ചികിത്സാസഹായം 1,85,000/- രൂപയും പഠനസഹായം 40,000/- രൂപയും വിവാഹസഹായം 10,000/- രൂപയും ദൈവാലയപുന:നിർമ്മാണം 50,000/- രൂപയും നൽകി.
- വാർദ്ധക്യത്തിലെത്തിയ നിർദ്ധനരായ സ്ത്രീകളുടെ അധിവാസകേന്ദ്രമായ സാൻജിയോ ഭവൻ 21,50,000/- രൂപ ചെലവു ചെയ്ത് പുനർനിർമ്മാണം നടത്തുകയും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.
- ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 4-ാം തീയതി രൂപതാ മതബോധനഡയറക്ടർ ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. മുഴുവൻ വൈദികരെയും അനുസ്മരിച്ച് പ്രതിനിധിയായ ബഹു. അച്ചന് ബഹു. പ്രൊവിൻഷ്യലമ്മ ആശംസ നേരുകയും ചെയ്തു.
- പ്രൊവിൻഷ്യൽ കൗൺസിലറായിരിക്കെ സി.മേഴ്സി മണ്ണാറാത്ത് രോഗാവസ്ഥയെ തുടർന്ന് ആഗസ്റ്റ് 7-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ദീർഘകാലം കോർപറേറ്റ് സ്കൂളിൽ അധ്യാപികയായും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസി

പ്പലായും സിസ്റ്റർ സേവനം ചെയ്തിരുന്നു. സിസ്റ്ററിന്റെ ആക സ്മികമായ വേർപാട് സിസ്റ്റേഴ്സിനെയും സഹപ്രവർത്തക രേയും ശിഷ്യഗണങ്ങളെയും ദുഃഖത്തിലാഴ്ത്തി. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ്, മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

- കോവിഡ് പോസിറ്റീവ് ആണെന്ന് അറിഞ്ഞിട്ടും തന്റെ മുമ്പിലെ ത്തിയ നിർദ്ധനയായ ഗർഭിണി യുവതിക്ക് ഓപ്പറേഷൻ നടത്തി ജീവന്റെ മൂല്യം ഉയർത്തിക്കാട്ടാൻ ഡോ. സി. റോസ് മാവേലി ക്കുന്നേൽ എസ്.എ.ബി.എസ്, നേഴ്സ് സി. ക്ലെറിൻ പാണ്ടിക്കു ന്നേൽ എന്നിവർ സന്നദ്ധരായി തങ്ങളുടെ സുരക്ഷിതത്വം മറ ന്നുകൊണ്ടുള്ള ഇവരുടെ ധീരമായ പ്രവർത്തനത്തെ രൂപതാകു ടുംബവും, ആരാധനാസന്യാസിനീ സമൂഹവും അഭിനന്ദിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ഭവനരഹിതനായ ഒരു വ്യക്തിക്ക് ഭവനം നിർമിച്ചു നൽകി
- കട്ടപ്പന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലെ രോഗികൾക്കു ഒരു ദിവസത്തെ ഭക്ഷണത്തിനു വേണ്ടി 20000 രൂപ നൽകി .
- സിസ്റ്റേഴ്സ് 2 ബാച്ച് വാർഷിക ധ്യാനം നടത്തി.
- ഓഗസ്റ്റ് 15-നു മാതാവിന്റെ സ്വർഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും എല്ലാ ഭവനങ്ങളിലും സമുചിതമായി ആഘോഷിച്ചു.
- പെരിയ ബഹുമാനപ്പെട്ട വികാരി ജനറാൾ ജോസഫ് വെള്ളമറ്റം അച്ചന്റെ കാർമികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ പ്രീ നോവിസ് 5 പേർ ഓഗസ്റ്റ് 15-നു കാനോനിക നൊവിഷ്യേറ്റിൽ പ്രവേശിച്ചു.

- കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളിൽ സിസ്റ്റർ സ്റ്റെല്ല മരിയ പങ്കെടുത്തു.
- കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ വെച്ച് നടന്ന സിസ്റ്റേഴ്സിനു വേണ്ടിയുള്ള വിശുദ്ധ കുർബാനയിലും സംഗമത്തിലും എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാഞ്ഞിരപ്പള്ളി രൂപതയിലെ സന്ന്യാസിനികൾക്കായി നടത്തിയ സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ആഗസ്റ്റ് 9-ാം തീയതി അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ബലിയർപ്പിച്ച് സന്ദേശം നൽകി.
- പ്രൊവിൻഷ്യൽ ഹൗസിൽ സ്വർഗ്ഗാരോപണത്തിരുന്നാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ചു.
- കൂവപ്പള്ളി മഠത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന ബഹു. സി. തോമസ് എസ്.എച്ച് ആഗസ്റ്റ് 4-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.
- ആശ്രയ കോൾ ഓഫ് മേഴ്സി എന്ന സംരംഭത്തിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് പ്രണയനൈരാശ്യം, ഗെയിം അഡിക്ഷൻ തുടങ്ങിയ പ്രശ്നങ്ങൾക്കായുള്ള കൗൺസിലിങ് സേവനങ്ങൾ ലഭ്യമാക്കി.
- സ്വാന്തന പലിശരഹിത വായ്പാപദ്ധതിയുടെ ഭാഗമായി സ്ത്രീകളുടെ സ്വയാശ്രയഗ്രൂപ്പുകൾക്ക് വായ്പകൾ നൽകി.
- കുട്ടികളുടെ നിക്ഷേപ പദ്ധതിയായ സാഫല്യയിലെ കുട്ടികളുടെ ഭവനസന്ദർശനം നടത്തി.

- യുവജന നൈപുണ്യ ദിനാചരണത്തിന്റെ ഭാഗമായി അമലഗിരിയിൽ യുവജനങ്ങൾക്ക് LED ബൾബ് നിർമാണ പരിശീലന പരിപാടി നടത്തി.
- ഓട്ടോ ടാക്സി ഡ്രൈവേഴ്സിന്റെ രൂപതയിലെ 19 സാരഥി ഗ്രൂപ്പുകളിൽ കോവിഡ് 19 ബോധവത്കരണ പോസ്റ്ററുകൾ വിതരണം ചെയ്തു. ഉത്ഘാടനം വെച്ചൂച്ചിറ സർക്കിൾ ഇൻസ് പെക്ടർ ശ്രീ സുരേഷ് നിർവഹിച്ചു.
- കണ്ണംപടി ട്രൈബൽ സ്കൂളിലെ ഒരു കുട്ടിക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ എൽ.ഇ.ഡി. ടെലിവിഷൻ നൽകി.

---

## സ്നേഹസ്മരണയ്ക്ക്



**സി. തോമസ് മുള്ളങ്കുഴി** SH

ജനനം : 28-12-1933
ആദ്യവ്രതം : 06-04-1958
നിത്യവ്രതം : 29-05-1961
മരണം : 04-08-2020



**സി. മേഴ്സി മണ്ണാറാത്ത്** SABS

ജനനം : 15-03-1953
ആദ്യവ്രതം : 01-05-1971
നിത്യവ്രതം : 29-04-1978
മരണം : 07-08-2020



**സി. എജീദിയ** FCC

ജനനം : 12-03-1934
ആദ്യവ്രതം : 18-04-1959
നിത്യവ്രതം : 30-05-1962
മരണം : 15-08-2020

# കെ.സി.എസ്.എൽ.

ഓഗസ്റ്റ് മാസത്തിൽ കെ.സി.എസ്.എൽ ഡിപ്പാർട്ട്മെന്റ് വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ചിത്രരചനാ മത്സരം**

ജൂലൈ 28-ാം തീയതി അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നായി 200 -ൽ അധികം കുട്ടികൾ പങ്കെടുത്തു.

**വിജയികൾ**

**സെക്ഷൻ 1 : 1-4 ക്ലാസുകൾ**

I[st] : അബിൻ ഷിന്റോ, സെന്റ് ജോർജ് എൽ.പി.എസ്. ചെറുവള്ളിക്കുളം

II[nd] : കരോളിൻ സോണി, അസംപ്ഷൻ ഹൈസ്കൂൾ, പാലമ്പ്ര

III[rd] : ഫ്രെന്നി വർഗീസ്, സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂൾ, ആനക്കല്ല്

**സെക്ഷൻ 2 : 5-8 ക്ലാസുകൾ**

I[st] : ക്ലാര റോസ്, സെന്റ് തോമസ് എച്ച്.എസ്.എസ്. എരുമേലി

II[nd] : ആൻഡ്രിയ മരിയ, സെന്റ് തോമസ് യു.പി.എസ്., കണമല

III[rd] : ക്രിസ്റ്റോ റ്റോം, സെന്റ് തോമസ് എച്ച്.എസ്. ആനിക്കാട്

**സെക്ഷൻ 3 : 9-12 ക്ലാസുകൾ**

I[st] : ആൽബർട്ട് ജോസഫ് ഷാജി, സെന്റ് തോമസ് എച്ച്.എസ്.എസ്. എരുമേലി

II[nd] : സച്ചിൻ ബിജു, സെന്റ് ജോസഫ് എച്ച്.എസ്. ചിന്നാർ

III[rd] : മാർട്ടിൻ കെ. ജോർജ്,
സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്., ഉപ്പുതറ

**അടിക്കുറിപ്പ് മത്സരം വിജയികൾ**

സമകാലിക സംഭവങ്ങളുടെ ദൃശ്യങ്ങൾ നൽകി മനോഹരമായ അടിക്കുറിപ്പ് രചിക്കുക എന്ന മത്സരം നടത്തി. മൂന്ന് വിഭാഗങ്ങളിലായിട്ടാണ് ഓൺലൈനിൽ മത്സരം സംഘടിപ്പിച്ചത്.

**സെക്ഷൻ 1 : 1–4 ക്ലാസുകൾ**

I[st] : മിസ്ന റ്റോം, സെന്റ് തോമസ് എച്ച്.എസ്. ആനിക്കാട്

II[nd] : ഡിയോൺ റെജി, എൽ.പി.എസ്. മേരികുളം

III[rd] : ജെറോം ജെസ്റ്റിൻ,
സെന്റ് മാത്യൂസ് എൽ.പി.എസ്., എലിക്കുളം
നിയാമോൾ ബിനോയി,
സെന്റ് തോമസ് എൽ.പി.എസ്., എരുമേലി

**സെക്ഷൻ 2 : 5–8 ക്ലാസുകൾ**

I[st] : റ്റിജ ജോളിച്ചൻ, സെന്റ് ജോസഫ് സ്കൂൾ, കുന്നുംഭാഗം

II[nd] : അലോന തോമസ്, യു.പി.എസ്. കൊല്ലമുള

III[rd] : ഡെന്നീസ് സജിൻ,
സെന്റ് ജോർജ് യു.പി.എസ്. ആനവിലാസം

**സെക്ഷൻ 3 : 9–12 ക്ലാസുകൾ**

I[st] : എൽസ മരിയ ഷാജി, സെന്റ് ജോസഫ് എച്ച്.എസ്.എസ്. പെരുവന്താനം

II[nd] : മേരി ഷാലോം സെബാസ്റ്റ്യൻ,
സി.ആർ,എച്ച്.എസ്., വലിയതോവാള

III[rd] : ഷെറിൻ സുരേഷ്
സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്., ഉപ്പുതറ

**പ്രസംഗ മത്സരം**

ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തോടും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തോടനുമനുബന്ധിച്ച് പ്രസംഗമത്സരം സംഘടിപ്പിച്ചു.

**വിജയികൾ**

**സെക്ഷൻ 1**

I^st^ : അന്ന ജിജോ - 4
സെന്റ് ജോസഫ് എൽ.പി. സ്കൂൾ, കൊച്ചുതോവാള

II^nd^ : ഡിയോൺ റെജി- 4, എൽ.പി.എസ്. മേരികുളം
നിയ ജോണി - 3
സെന്റ് ജോസഫ് പബ്ലിക്ക് സ്കൂൾ, കുന്നുംഭാഗം

III^rd^ : ജോർജി ബിനോയി - 3
സെന്റ് ജോർജ് യു.പി. സ്കൂൾ, ആനവിലാസം
ജോയൽ ജോസഫ് ലിജോ
കാർമ്മൽ സി.എം.ഐ. പബ്ലിക്ക് സ്കൂൾ, പുളിയന്മല

**സെക്ഷൻ 2**

I^st^ : മരിയ മോനിക്ക ഫിലിപ്പ് - 8
സെന്റ് തോമസ് എച്ച്.എസ്.എസ്. ആനിക്കാട്

II^nd^ : ടീജ ജോളിച്ചൻ - 6
സെന്റ് ജോസഫ് പബ്ലിക്ക് സ്കൂൾ, കുന്നുംഭാഗം

III^rd^ : ഡെൽന തോമസ് - 8
സാന്തോം പബ്ലിക് സ്കൂൾ കണമല

ശീഖ മനോജ് - 5
സെന്റ് മേരീസ് യു.പി. കാഞ്ചിയാർ

**സെക്ഷൻ 3**

I^st^ : സോന മരിയ സാജു - 9
സെന്റ് മേരീസ് എച്ച്.എസ്. ഉമ്മിക്കുപ്പ

മെറീന റെജി - 12
സെന്റ് ഫിലോമിന എച്ച്.എസ്.എസ്. ഉപ്പുതറ

II$^{nd}$ : ഏയ്ഞ്ചൽ റോസ് സോണി
സെന്റ് തോമസ് എച്ച്.എസ്. ആനിക്കാട്

സ്നേഹമോൾ ചാക്കോ - 12
ജി.എച്ച്.എസ്.എസ്. അണക്കര

III$^{rd}$ : അനു മരിയ ബിനോ - 12
സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്. ഉപ്പുതറ

ടെസ്സ സജി - 10
സാന്തോം എച്ച്.എസ്. കണമല

**ടാബ്ളോ മത്സരം**

കുടുംബാംഗങ്ങളോട് ചേർന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഏതെങ്കിലും ഒരു സംഭവം അവതരിപ്പിക്കുക. അത് ഫോട്ടോ എടുത്ത് തരിക.

**വിജയികൾ**

I$^{st}$ : അൻസ ലിറ്റി ജോസഫ്, വടക്കേടത്ത്,
സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്., ഉപ്പുതറ

II$^{nd}$ : കാതറിൻ അന്ന ജോസ്, കിഴക്കയിൽ,
സെന്റ് മാത്യൂസ്, യു.പി. എലിക്കുളം

III$^{rd}$ : അൽഫോൻസ ജിമ്മിച്ചൻ
സെന്റ് മാത്യൂസ് യു.പി.എസ്., എലിക്കുളം

## You tube Channel - "Note Book"

K.C.S.L. കാഞ്ഞിരപ്പള്ളി രൂപതയുടെ You tube Channel ആണ് "Note Book". കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുക, അത് മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് Note Book എന്ന You tube Channel.

- സെപ്റ്റംബറിൽ വിവിധ ഓൺലൈൻ മത്സരങ്ങൾ ക്രമീകരിക്കുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**ആശയവിനിമയ സമ്പർക്കദിനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നിർദ്ദേ ശാനുസരണം ആഗസ്റ്റ് 1 ന് 'ഹലോ ഹൃദയപൂർവം' എന്ന പ്രോഗ്രാം എല്ലാ രൂപതകളിലും നടത്തി. രൂപതാ, ഫൊറോന, യൂണിറ്റ്, വനി താഫോറം, കർഷകഫോറം, ഹെൽപ്പ് ഡസ്ക് ഭാരവാഹികൾ പര സ്പരം ഫോൺ വിളിച്ച് സൗഹൃദം പങ്കുവച്ചുകൊണ്ട് സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തി.

**യൂണിറ്റ് രൂപീകരിച്ചു**

വെളിച്ചിയാനി ഫൊറോനയിലെ മാങ്ങാപ്പാറ നിത്യസഹായമാ താപള്ളിയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. മാത്യു കുരിശുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ ജോ മാത്യു പന്തലാനിക്കൽ (പ്രസിഡന്റ്), പ്രിൻസ് വെട്ടത്ത് സെക്രട്ടറി എന്നി വരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

**രൂപതാ ഭാരവാഹികളുടെ യോഗം**

കത്തോലിക്കാ കോൺഗ്രസ് രൂപതാ ഭാരവാഹികളുടെ ഒരു സുപ്രധാന സൂം കോൺഫറൻസ് ആഗസ്റ്റ് 2 ന് നടത്തി. ഡയറ ക്ടർ ഫാ. മാത്യു പാലക്കുടി അദ്ധ്യക്ഷത വഹിച്ചു. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ സന്ദേശം നൽകി. ഗ്ലോബൽ സമിതിയുടെ തീരുമാനപ്രകാരം നില വിലുള്ള രൂപതാ സമിതികളുടെ കാലാവധി ആറുമാസത്തേക്ക് കൂടി

തുടരാൻ അനുമതി നൽകി. അതനുസരിച്ച് ജോമി കൊച്ചുപറമ്പി ലിന്റെ നേതൃത്വത്തിലുള്ള രൂപതാ സമിതി സത്യപ്രതിജ്ഞ ചെയ്തു. താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി രൂപതാസമിതി പുന സംഘടിപ്പിച്ചു. ജോജോ തെക്കുംചേരിക്കുന്നേൽ (രൂപതാ ട്രഷറർ), പി.കെ. എബ്രാഹം പാത്രപാങ്കൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, രാജു ആന്റണി കൂവനാൽ (വൈസ് പ്രസിഡന്റുമാർ), ജോളി ആന്റണി പുതിയവീട് (സെക്രട്ടറി), സാറാ അലക്സ് പുതിയാപറ മ്പിൽ, ജോബി കല്ലൂരാത്ത് (രൂപതാ സമിതിയംഗങ്ങൾ), തോമസ് ചെമ്മരപ്പള്ളി (നവമാധ്യമ വിഭാഗം രൂപതാ കോ-ഓർഡിനേറ്റർ), ഡെയ്സി ജോർജുകുട്ടി (വനിതാഫോറം രൂപതാ ജനറൽ സെക്ര ട്ടറി).

**ഉപവാസസമരം നടത്തി**

വിവിധ കോഴ്സുകളിൽ ന്യൂനപക്ഷസമുദായംഗങ്ങളുടെ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന സാമ്പത്തിക സംവരണം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലവും കേന്ദ്ര ഭാരവാഹികളും കത്തോലിക്കാ കോൺഗ്രസ് കേന്ദ്രകാര്യാലയ ത്തിൽ ആഗസ്റ്റ് 4-ന് ഏകദിന ഉപവാസസമരം നടത്തി. കാഞ്ഞിര പ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കു ന്നേൽ എന്നിവർ സമരത്തിൽ പങ്കെടുത്തു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

ഇതിന്റെ തുടർച്ചയായി കേരളത്തിലെ 13 രൂപതകളിലും രൂപതാ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ ആഗസ്റ്റ് 7-ന് ഉപവാസ സമരം നടത്തി. കാഞ്ഞിരപ്പള്ളിയിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാ ഓഫീസിൽ നടത്തിയ ഉപവാസസമരം വികാരി ജനറാൾ റവ. ഡോ. ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ

വൈസ് പ്രസിഡന്റ് റെന്നി ചക്കാലയിൽ അദ്ധ്യക്ഷത വഹിച്ചു. ജന റൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജെയിംസ് പെരുമാകുന്നേൽ എന്നിവർ പ്രസംഗിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ ഭാരവാഹികളായ ടെസി ബിജു പാഴിയാങ്കൽ, സിനി ജിബു നീറനാക്കുന്നേൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, കൊച്ചുമോൻ നെല്ലാംതടം, അരുൺ ആല യ്ക്കാപ്പറമ്പിൽ എന്നിവരാണ് ഉപവാസം അനുഷ്ഠിച്ചത്. വിവിധ സാമൂഹ്യരാഷ്ട്രീയ നേതാക്കൾ അഭിവാദ്യങ്ങൾ അർപ്പിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് സമാപനസന്ദേശം നൽകി. പ്രൊക്കുറേറ്റർ വെരി റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം നാരങ്ങാനീര് നൽകി ഉപവാസം അവസാനിപ്പിച്ചു.

ആഗസ്റ്റ് 11-ന് കാഞ്ഞിരപ്പള്ളി, പൊൻകുന്നം, മുണ്ടക്കയം, റാന്നി, പത്തനംതിട്ട ഫൊറോനാസമിതികളുടെ നേതൃത്വത്തിൽ ഏകദിന ഉപവാസസമരം നടത്തി. കാഞ്ഞിരപ്പള്ളി ഫൊറോന യിൽ ആനക്കല്ല് സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ ജോസ് മടുക്കക്കുഴി, റോണി കെ. ബേബി, സോണി കോഴിമല, ജോബിൻ പടനിലം, സിനി ബെന്നി പുളിമൂട്ടിൽ, ഷീലാ തോമസ് തൂമ്പുങ്കൽ, ജോൺസൺ തൊടുക എന്നിവരും പൊൻകുന്നം ഫൊറോനയിൽ ചെങ്ങളം സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ റെന്നി ചക്കാല യിൽ, ജോയ് സി. ചെങ്ങളത്തുപറമ്പിൽ, അനിൽ ചെരിപുറം, ജോബി കല്ലൂരാത്ത് എന്നിവരും മുണ്ടക്കയം ഫൊറോനയിൽ വണ്ടൻപതാൽ സെന്റ് പോൾസ് പാരീഷ് ഹാളിൽ ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, ടോം സെബാസ്റ്റ്യൻ കുമ്പളന്താനം, ജോയി പുളി ക്കൽ, അമൽ ഈപ്പൻ എന്നിവരും പത്തനംതിട്ട-റാന്നി ഫൊറോ നകൾ സംയുക്തമായി റാന്നി ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ മനോജ് കല്ലുകളം, ജോളി ആന്റണി, ജസ്റ്റിൻ കാപ്പാനി, രാജു ആന്റണി കൂവനാൽ, വക്കച്ചൻ വാക്കയിൽ എന്നിവരും ഉപവാസ മനുഷ്ഠിച്ചു.

**നിവേദനം നൽകി**

റബ്ബർ ആക്ട് റദ്ദാക്കാനുള്ള നീക്കത്തിനെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നാവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ജോസ് കെ. മാണി എം.പി. ക്ക് നിവേദനം നൽകി.

**കർഷകദിനാചരണം നടത്തി**

കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെയും കർഷകഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ചിങ്ങം ഒന്നിന് കർഷകദിനാചരണം നടത്തി. ഇഞ്ചിയാനി സ്നേഹദീപത്തിൽ നടന്ന ചടങ്ങിൽ കർഷകഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകമ്പ്രായിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മികച്ച കർഷകർ കൂടിയായ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, കർഷകഫോറം കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകമ്പ്രായിൽ എന്നിവരെ അഭിവന്ദ്യ പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാ കോൺഗ്രസ് സ്പോൺസർ ചെയ്ത ഫലവൃക്ഷത്തൈകൾ പച്ചക്കറി വിത്തുകൾ മുതലായവ മദർ സുപ്പീരിയർ സി. ബീനയ്ക്ക് കൈമാറി. തുടർന്ന് കുട്ടികൾക്ക് മധുരപലഹാരങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്തു.

കർഷകദിനാചരണത്തിന്റെ ഭാഗമായി രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവിധ ഫൊറോനകളിലെ മികച്ച കർഷകരെ ആദരിച്ചു. കാർഷിക മേഖലയിൽ മികവു തെളിയിച്ച കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തംഗം ജോളി മടുക്കക്കുഴി, റെജീന തോമസ് പ്ലാക്കിയിൽ (ചേനപ്പാടി), ചാക്കോച്ചൻ വെട്ടിക്കാട്ടിൽ (വണ്ടൻപതാൽ), ടോമിച്ചൻ പാലമുറിയിൽ (ചിറക്കടവ്), സാബു വെട്ടു

വേലിൽ (പടനിലം), ബെന്നി സി. മാത്യു ചെങ്ങളത്തുപറമ്പിൽ (ചെങ്ങളം), എന്നിവരെയാണ് ആദരിച്ചത്. രൂപതാ വൈസ് പ്രസിഡന്റ് സിനി ജിബു നീറനാക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ ആമുഖസന്ദേശം നൽകി. വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി. റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ജോസ് മടുക്കക്കുഴി, ജോജോ തെക്കുംചേരിക്കുന്നേൽ, ആൻസി സാജൻ പുന്നമറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

**ഉപവാസസമരം നടത്തി**

സിവിൽ പോലീസ് റാങ്ക്ലിസ്റ്റ് സംരക്ഷിക്കണമെന്നാവശ്യട്ടെ് എസ്.എം.വൈ.എം. രൂപതാസമിതി നടത്തിവരുന്ന റിലേ ഉപവാസ സമരത്തിന്റെ 30-ാം ദിനമായ ആഗസ്റ്റ് 19-ന് കത്തോലിക്കാ കോൺഗ്രസ് രൂപതാനേതൃത്വം ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഉപവാസസമരത്തിൽ പങ്കെടുത്തു. എസ്.എം.വൈ.എം. ഫൊറോനാ മുൻ ഡെപ്യൂട്ടി ലീഡർ പ്രിൻസ് തോട്ടത്തിലിന്റെ നേതൃത്വത്തിൽ കത്തോലിക്ക കോൺഗ്രസിനെ പ്രതിനിധീകരിച്ച് സിനി ജിബു നീറനാക്കുന്നേൽ, സാറാ അലക്സ് പുതിയാപറമ്പിൽ, തോമസ് ചെമ്മരപ്പള്ളി, ജോബി തെക്കുംചേരിക്കുന്നേൽ എന്നിവരാണ് ഉപവാസസമരത്തിൽ പങ്കെടുത്തത്. വിവിധ രാഷ്ട്രീയ, സാമൂഹിക, മതനേതാക്കൾ സമരത്തിന് പിന്തുണ അറിയിച്ചെത്തി. കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴികാടൻ സമാധാനസന്ദേശം നൽകി. കത്തോലിക്ക കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി നാരങ്ങാനീര് നൽകി സമരം അവസാനിപ്പിച്ചു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, കത്തോലിക്ക കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, പ്രോഗ്രാം ചീഫ് കോ-ഓർഡിനേറ്റർ ജെയിംസ് പെരുമാക്കുന്നേൽ,

എസ്.എം.വൈ.എം. ഫൊറോനാ പ്രസിഡന്റ് തോമസ് കത്തലാങ്കൽ, ആനിമേറ്റർ സി. റാണി മരിയ, ബ്രദർ ഡോൺ മറ്റക്കരത്തുണ്ടിയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**നോമിനേറ്റ് ചെയ്തു**

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ നവമാധ്യമവിഭാഗം കൺവീനർ മനോജ് മറ്റമുണ്ടയിലിനെ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മാധ്യമസമിതിയിലേക്ക് നോമിനേറ്റ് ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് എരുമേലി ഫൊറോനയിൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി മാത്യൂസ് വെട്ടുകല്ലാംകുഴി (പഴയകൊരട്ടി), ജാൻസി മാത്യു തുണ്ടത്തിൽ (എരുമേലി) എന്നിവരെ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തി.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ചാർജ്ജെടുത്തു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പീഡിയാട്രിക് വിഭാഗത്തിൽ സെപ്റ്റംബർ 1 മുതൽ ഡോ. ഡിറ്റിൻ MBBS, DCH ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം എല്ലാദിവസവും എം.എം.റ്റി. ക്ലിനിക്കിൽ ലഭ്യമാണ്.

കോവിഡിനെ ഭയക്കാതെ പ്രസവശസ്ത്രക്രിയ നടത്തിയ എം. എം.റ്റി. ഹോസ്പിറ്റലിലെ ഡോക്ടർമാരെയും സ്റ്റാഫിനെയും കാഞ്ഞിരപ്പള്ളി രൂപത ആദരിച്ചു.

കോവിഡ് രോഗിയായ ഗർഭിണിക്കു വിജയകരമായി പ്രസവ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാർക്ക് കാഞ്ഞിരപ്പള്ളി രൂപതയുടെ ആദരവ്. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡോക്ടർമാരായ ഡോ. സി. റോസ് മാവേലിക്കുന്നേൽ, ഡോ. മേരിയമ്മ ജോസഫ്, ഡോ. ദിവ്യ എന്നിവരാണ് ശസ്ത്രക്രിയ നടത്തി വണ്ടിപ്പെരിയാർ സ്വദേശിനിയുടെ കുഞ്ഞിനെ പുറത്തെടുത്തത്.

രൂപതാ വികാരി ജനറാൾമാരായ റവ. ഫാ. ജോസഫ് വെള്ളമറ്റം, റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരക്കൽ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ, രൂപത എസ്.എം.വൈ.എം. ഭാരവാഹികളായ ജോമോൻ പൊടിപാറ, സ്റ്റെഫി സണ്ണി തുരുത്തുപ്പിള്ളി, തോമാച്ചൻ കത്തിലാങ്കൽ എന്നിവർ ആശുപത്രിയിലെത്തി അഭിനന്ദനങ്ങൾ അറിയിച്ചു.

ചടങ്ങിൽ ആശുപത്രിയിൽ ഡയാലിസിസിന് എത്തുന്ന പാവ

പ്പെട്ട രോഗികൾക്കായുള്ള എസ്.എം.വൈ.എം. ധനസഹായപദ്ധതി യുടെ ആദ്യഗഡു കൈമാറി. ജീവനക്കാർക്ക് രൂപത ഫാമിലി അപ്പോ സ്തലേറ്റ് N95 മാസ്ക്കും ഫേസ് ഷീൽഡും നൽകി.

**എം.എം.ടി. ഹോസ്പിറ്റലിനെ മീം ഫൗണ്ടേഷൻ ആദരിച്ചു**

കോവിഡ് ഭീതി വകവയ്ക്കാതെ ഗർഭിണിക്ക് ശസ്ത്രക്രിയ നടത്തിയ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയ്ക്ക് ആദരം. ആശുപത്രിയുടെ മാതൃകാപരമായ നടപടികളെ അഭിനന്ദിച്ച് മീം ഫൗണ്ടേഷൻ ആണ് ആദരവ് നൽകിയത്. ആതുരശുശ്രൂഷ സേവ നത്തിന് മാതൃകാപരമായ നടപടിയാണ് മാനേജ്മെന്റും ആരോഗ്യ പ്രവർത്തകരും സ്വീകരിച്ചതെന്ന് ഫൗണ്ടേഷൻ പറഞ്ഞു. മീം ഫൗണ്ടേഷൻ ചെയർമാനും കേരള മുസ്ലീം ജമാഅത്ത് കോട്ടയം ജില്ലാ പ്രസിഡന്റുമായ കെ.എസ്.എം. റഫീഖ് അഹമ്മദ്സഖാഫി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുത്തു.

**C.T. വിഭാഗം ആരംഭിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടി ആരംഭിക്കുന്ന C.T. വിഭാഗം ഒക്ടോബർ അവ സാനത്തോടുകൂടി ആരംഭിക്കുന്നു. അതിനൂതന സൗകര്യങ്ങളോടു കൂടിയ 32 സ്ലൈഡ് C.T. സ്കാൻ സൗകര്യം ഹോസ്പിറ്റലിൽ ലഭ്യ മാണ്.

**അനുമോദിച്ചു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോക്ടേഴ്സും സ്റ്റാഫും സമൂഹത്തിന് നൽക്കുന്ന നിസ്വാർത്ഥ സേവ നങ്ങൾക്ക് അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് പെരുവന്താനം ഫൊറോന വികാരി വെരി റവ. ഫാ. തോമസ് കാലായിപ്പറമ്പിൽ, അസിസ്റ്റന്റ് വികാരി ഫാ. ജോമി കൊമ്പുകാട്ട്, വാർഡ്മെമ്പർ, ജന പ്രതിനിധികൾ, കൈക്കാരന്മാർ എന്നിവർ ഹോസ്പിറ്റലിലെത്തി മൊമെന്റോ കൈമാറി

**ഫാ. ജോസഫ് കന്നാലിൽ**

**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപത ഡയറക്ടർമാരുടെയും സംസ്ഥാന സമിതിയുടെയും സംയുക്ത zoom meeting ആഗസ്റ്റ് 4 ന് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ കെ.സി.ബി.സി., SC, ST/BC ചെയർമാൻ മാർ ജേക്കബ് മുരിക്കൻപിതാവും മറ്റ് കമ്മീഷൻ മെമ്പർമാർ, സംസ്ഥാന ഡയറക്ടർ, രൂപതാഡയറക്ടർമാർ എന്നിവരും പങ്കെടുത്തു.
- ആഗസ്റ്റ് 10 കരിദിനവും ആഗസ്റ്റ് 16-ാം തീയതി ജസ്റ്റീസ് സൺഡേയും പ്രാർത്ഥനാദിനമായി ആചരിച്ചു.
- സംസ്ഥാനതലത്തിൽ നടത്തിയ പ്രബന്ധരചന മത്സരത്തിൽ കാഞ്ഞിരപ്പള്ളി രൂപതാഗം ജെ. എബ്രാഹം ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- ദളിത് ക്രൈസ്തവ കുട്ടികളെ ബാധിക്കുന്ന OBC പ്രശ്നത്തിൽ മുഖ്യമന്ത്രിക്ക് സംസ്ഥാന സമിതി തീരുമാനപ്രകാരം നിവേദനം നല്കാൻ തീരുമാനിച്ചു. ഓരോ രൂപതയും ഇതിൻപ്രകാരം കത്ത് അയയ്ക്കും.
- സെപ്റ്റംബർ 1 മുതൽ 8 വരെ ദളിത് സംവരണ പ്രശ്നത്തിൽ അനുകൂല തീരുമാനം ഉണ്ടാകുന്നതിനായി കാഞ്ഞിരപ്പള്ളി രൂപത ദളിത് ക്രൈസ്തവസംഘടന ജപമാല പ്രാർത്ഥനായജ്ഞവും നോമ്പെടുത്ത് പ്രാർത്ഥിക്കുവാനും തീരുമാനിച്ചു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്കൻ അൽമായ സഭാംഗ ങ്ങൾ മാതാവിന്റെ സ്വർഗ്ഗാരോപണദിവസം പ്രത്യേക ജപമാലകൾ നടത്തി.

മൂന്നാർ പെട്ടിമുടി ദുരന്തത്തിലും കരിപ്പൂർ വിമാനാപകടത്തിലും മരണമടഞ്ഞവരേയും, വേദനയും ദുരിതവുമനുഭവിക്കുന്നവരേയും ദൈവതിരുമുമ്പിൽ സമർപ്പിച്ചുകൊണ്ട്, ദൈവത്തിന്റെ കരുണയും കരു തലും അവരുടെമേൽ ഉണ്ടാകണമേ എന്ന പ്രാർത്ഥനയോടുകൂടി ദൈവമാതാവിന്റെ സ്വർഗ്ഗാരോപണദിനമായ ആഗസ്റ്റ് 15-ാം തീയതി വൈകിട്ട് 7 മണിക്ക് കാഞ്ഞിരപ്പള്ളി രൂപതയിലെ ഫ്രാൻസിസ്കൻ സഭാംഗങ്ങളുടെ കുടുംബങ്ങളിൽ കുടുംബാംഗങ്ങളോടൊത്ത് പ്രത്യേ കമായ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

ലോകമെമ്പാടും പടർന്ന് പിടിച്ചിരിക്കുന്ന കൊറോണ വൈറ സിനെ നിയന്ത്രിക്കണമേ എന്നും ഈ വൈറസ് മൂലം വേദനി ക്കുന്നവരുടെമേൽ കരുണ ഉണ്ടാകണമേ എന്നും എല്ലാ അംഗങ്ങളും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കണമെന്നും ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ നേതൃത്വം എല്ലാവരേയും ഓർമ്മപ്പെടുത്തി.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

വളരെ ഭീതിജനകമായ സാഹചര്യങ്ങളിൽ കൂടെയാണ് നാമിന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് വ്യാപനം ഒരു പുതിയ ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുന്നു. വളരെ കരുതലോടെ, ഇതുമായ ബന്ധപ്പെട്ടവരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടിയിരിക്കുന്നു. സാമൂഹിക അകലം പാലിക്കുകയും, യാതൊരുവിധ കൂടിച്ചേരലുകളും ഉണ്ടാകാതിരിക്കുവാനും ഏവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രായമായവർക്കുള്ള നിയന്ത്രണങ്ങൾ നമ്മെയാണ് കൂടുതൽ ബാധിക്കുന്നത്. കൂടുതൽ പ്രാർത്ഥനയും ആവശ്യമായിരിക്കുന്ന സമയമാണിത്. എല്ലാം പെട്ടെന്ന് നിയന്ത്രണവിധേയമാകുവാൻ എല്ലാ വിൻസെൻഷ്യൻ കുടുംബങ്ങളിലും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസാനാമിന്റെയും മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുന്നതും ഉപവാസം മുതലായവ നടത്തുന്നതും സാഹചര്യം അനുസരിച്ച് ചെയ്യേണ്ടതാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, നമ്മുടെ പ്രവർത്തനങ്ങൾ പൊതുവായി പഴയതുപോലെ കോൺഫ്രൻസുകൾ കൂടിയും ഭവനസന്ദർശനങ്ങൾ നടത്തി സഹായം സ്വീകരിക്കുന്നതിനും സാധിക്കുന്നില്ലെങ്കിലും നമ്മുടെ ദത്തുകുടുംബങ്ങൾക്കുള്ള സഹായവും മറ്റ് അടിയന്തിരമായി ചെയ്യേണ്ട ചികിത്സാ സഹായവും മുടക്കം വരാതെ ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഇക്കാര്യത്തിൽ എല്ലാ കോൺഫ്രൻസുകളും ശ്രദ്ധിക്കേണ്ടതാണ്. കോൺഫ്രൻസുകളിൽ നിന്ന് ദത്തുകുടുംബങ്ങളെ സന്ദർശിക്കാൻ സാധിക്കാത്തതിനാൽ ഫോൺ മുഖേന എങ്കിലും അവരുമായി ബന്ധപ്പെട്ട് ക്ഷേമാന്വേഷണം നടത്തുകയും ആവശ്യമായ സഹായം എത്തിച്ചു നൽകുകയും ചെയ്യുമല്ലോ.

കഴിഞ്ഞ മാസങ്ങളിലെ ഓസാനാം ബുള്ളറ്റിനും റീച്ചൗട്ടും കൃത്യമായി എത്തിച്ച് തന്നിട്ടുണ്ട്. അവ സിസി ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. അവ കോൺഫ്രൻസുകളിൽ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് മനസ്സിലാകുമല്ലോ. സാഹചര്യം അനുകൂലമാകുന്ന മുറയ്ക്ക് എത്തിച്ച് തരുന്നതാണ്.

**സെക്രട്ടറി**

VIMALA BOOKS

# വിമല പബ്ലിക്കേഷൻസ്

## Saints Web Series

വിമലയുടെ ജൈത്രയാത്രയിൽ മറ്റൊരു പൊൻതൂവൽകൂടി! കുട്ടികളുടെ ബൈബിളും വിശുദ്ധരുടെ ധന്യചരിതമാലയും യൂട്യൂബിൽ ജീവൻ തുടിക്കുന്ന ദൃശ്യാവിഷ്കാരരൂപത്തിൽ... കുട്ടികൾക്കും മുതിർന്നവർക്കും.. ബൈബിൾ സാരാംശങ്ങളും വിശുദ്ധ മാതൃകകളും കണ്ടും കേട്ടും പുണ്യജീവിതം ഹൃദയത്തിൽ സംഗ്രഹിക്ക തക്കവിധം ജീവനുള്ള ആവിഷ്കാരം...

കോവിഡ് പ്രതിസന്ധിഘട്ടത്തിൽ കുട്ടികളിൽ നന്മ വിതക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വഴികാട്ടാനായി വിശുദ്ധരുടെ കഥകൾ മലയാളത്തിൽ ആദ്യമായി വെബ്സീരിസിലേക്ക് വരുന്നു, വിമലയിലൂടെ...

അണിയറയിൽനിന്നും ഉടൻ അരങ്ങിലേക്ക്....

### പുത്തൻപുസ്തകം

**ആരാണ് ക്രിസ്ത്യാനി ? : ഡോ. ജോർജ്ജ് കുഴിപ്പള്ളിൽ**

പേജ് :88 / വില: 90/പതിപ്പ് :1

ക്രിസ്ത്യാനിക്കും ക്രിസ്ത്യാനിയല്ലാത്തവർക്കും മനംതുറന്ന് വായിക്കാനും കണ്ണ് തുറന്ന് കാണാനുമാവുന്ന ചിന്താശകലങ്ങളുടെ ശേഖരം! ആത്മപരിശോധനയ്ക്കാധാരമാകുന്ന, ധ്യാനാത്മക പരിചിന്തനങ്ങൾ! സ്ത്രീ പുരുഷ, കാല, ദേശ, മതവരമ്പുകൾക്കപ്പുറം മനുഷ്യനെ മനുഷ്യനാക്കുന്ന ചിന്തകൾ.

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ജൂലൈ മാസത്തിൽ 17 കേസുകൾ റിപ്പോർട്ട് ചെയ്തു. കോവിഡ് പ്രതിസന്ധിമൂലം വീടുകളിലും മറ്റും പോയി കേസ് അന്വേഷിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഫോണിലൂടെ കേസ് എടുക്കുകയും ആവശ്യമായ ഇൻഫർമേഷൻ കൊടുക്കുകയും കേസിന്റെ കോപ്പി CWC - യ്ക്ക് കൊടുക്കുകയും ചെയ്തു. CWC - യിൽ നിന്നും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മടുക്ക – കോസടിയിൽ താമസിക്കുന്ന ഒരു കുട്ടിക്ക് ഷെൽട്ടർ നല്കുകയും ചെയ്തു. 3 കുട്ടികൾക്ക് ഫോണിലൂടെ കൗൺസിലിംഗ് നല്കി.

**Open House**

മുണ്ടക്കയം പഞ്ചായത്തിൽ 3 സെന്റ് കോളനിയിൽ 8-ാം വാർഡിൽ 'Open House' എന്ന പരിപാടി ഓൺലൈനിലൂടെ സംഘടിപ്പിച്ചു. കുട്ടികൾ നേരിടുന്ന മാനസിക – ശാരീരിക ബുദ്ധിമുട്ടുകൾ അവർ പങ്കുവച്ചു. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, മുണ്ടക്കയം പോലീസ് സ്റ്റേഷനിലെ C.I. ഷിബു കുമാർ, പ്രിയ മാഡം, അംഗൻവാടി ടീച്ചേഴ്സ്, സെന്റ് പോൾസ് സ്കൂളിലെ എച്ച്.എം. ശ്രീമതി സിസിലി, ജോയി എബ്രാഹം സാർ, CDS മെമ്പർ എന്നിവർ ആംശസകൾ അർപ്പിച്ചു സംസാരിച്ചു. ഇന്നത്തെ സമൂഹത്തിൽ കുട്ടികൾ ഏതൊക്കെ രീതിയിലാണ് വഴിതെറ്റിപ്പോകുന്നതെന്നും, അതിന് വേണ്ട അനുകൂല നടപടികളെപ്പറ്റിയും, പ്രിയ മാഡം ക്ലാസ് എടുത്തു. ചൈൽഡ് ലൈൻ നോഡൽ കോ-ഓർഡിനേറ്റർ ചൈൽഡ് ലൈൻ പ്രവർത്തനങ്ങളെപ്പറ്റി ക്ലാസ് എടുത്തു. സപ്പോർട്ട് ഓർഗനൈസേഷൻ ടീം പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**നല്ല സമറായൻ ആശ്രമം**

സ്നേഹത്തിന്റെയും നന്മയുടെയും ആശാകേന്ദ്രമായി പ്രവർത്തിക്കുന്ന നല്ല സമറായൻ ആശ്രമത്തിന്റെ 22-ാമത് വാർഷികം കോവിഡ് -19 ന്റെ സാഹചര്യത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു. അന്നേദിവസം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ മുതുപ്ലാക്കൽ അച്ചൻ കുർബാന അർപ്പിച്ചു. ഡോ. ത്രേസ്യാക്കുട്ടി മാഡം (സീനിയർ കൺസൽട്ടൻസി ഇൻ ഡിസിബിലിറ്റി) - ന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം വികാരി ജനറാൾ പെരിയ ബഹു. കുര്യൻ താമരശ്ശേരി ഉത്ഘാടനം ചെയ്തു. നല്ല സമറായൻ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ സ്വാഗതവും, ആശ്രമ മാനേജർ സി. റാണി മരിയ സി.എം.സി. റിപ്പോർട്ടും അവതരിപ്പിച്ചു.

ആശ്രമമക്കളുടെ വിവിധ കലാപരിപാടികളും നടത്തി. ഫാ. കുര്യാക്കോസ് വടക്കേടം പരിപാടിയിൽ ആദ്യം മുതൽ സന്നിഹിതനായിരുന്നു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ**

**മാസ്ക് വിതരണം**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പതിനായിരം മാസ്കുകൾ വിതരണം ചെയ്തു.

**ഓട്ടോ ടാക്സി ഡ്രൈവേഴ്സ് - കോവിഡ് അതിജീവന പദ്ധതി**

പൊടിമറ്റം, പാറത്തോട്, വെളിച്ചിയാനി ടാക്സി ഡ്രൈവേഴ്സിനായി ഭക്ഷ്യകിറ്റുകൾ, മാസ്ക്, സോപ്പ്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തു. കൂടാതെ ദിവസേന ഓരോ പായ്ക്കറ്റ് പാലും ഈ കുടുംബങ്ങളിലേയ്ക്ക് നൽകുന്നു.

**ചുമട്ടുതൊഴിലാളികൾക്ക് സഹായം**

പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചുമട്ട് തൊഴിലാളികൾക്ക് മാസ്ക്കും ഭക്ഷ്യകിറ്റുകളും വിതരണം ചെയ്തു.

**കണ്ടെയ്മെന്റ് സോണുകളിലേക്ക് സഹായം**

മുണ്ടക്കയം, പാറത്തോട് ഗ്രാമപഞ്ചായത്തുകളിലെ കണ്ടെയ്മെന്റ് സോണുകളിലേക്ക് ആവശ്യമായ പാലും ബ്രഡും സൊസൈറ്റി എത്തിച്ചു നൽകി.

**പ്രതിരോധപ്രവർത്തനങ്ങൾക്ക് സഹായം**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സൊസൈറ്റി 11,44,125/- രൂപ ചെലവഴിച്ചു.

**പ്രളയബാധിതർക്ക് കൈത്താങ്ങ്**

പ്രളയം നാശം വിതച്ച കുട്ടനാട് മേഖലയിലെ 1500 കുടുംബങ്ങൾക്ക് പാലും ബ്രഡും നൽകി.

**ദുരിതാശ്വാസ ക്യാമ്പിലേക്ക് സഹായം**

ഉരുൾപൊട്ടൽ മൂലം ഏന്തയാർ മേഖലയിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾക്ക് ആവശ്യമായ ബ്രഡും തേനും നൽകി.

**റോഡ് നിർമ്മാണ സഹായം**

പ്രളയവും ഉരുൾപൊട്ടലും മൂലം ഒറ്റപ്പെട്ടുപോയ മ്ലാമല ഗ്രാമത്തിന് ബാഹ്യലോകവുമായുള്ള ബന്ധം പുനഃസ്ഥാപിക്കാൻ റോഡ് നിർമ്മാണത്തിന് 1,75,000/- രൂപ നൽകി

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 2,84,500/- രൂപ നൽകി.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 1,88,930/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**ഡെയർ പീരുമേട്**

പീരുമേട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡെയറിന് സഹായമായി 3,00,000/- രൂപാ നൽകി.

**സ്നേഹദീപം**

ഇഞ്ചിയാനി കേന്ദ്രമായി പ്രവർത്തിക്കുന്ന സ്നേഹദീപം ബാലഭവന്റെ പ്രവർത്തനങ്ങൾക്കായി 50,000/- രൂപാ നൽകി.

**പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണം**

**കാഞ്ഞിരപ്പള്ളി രൂപത**

വാളാർഡി, വട്ടപ്പാറ, അഞ്ചിലിപ്പ, ചേനപ്പാടി, വെള്ളാരംകുന്ന്, നിർമ്മലാപുരം എന്നീ സ്ഥലങ്ങളിൽ 7,00,000/- രൂപ ധനസഹായമായി നൽകി.

**ഇടുക്കി രൂപത**

മരിയാപുരം, ബഥേൽ, ഇടവകയിൽ പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 1,00,000/- രൂപ ധനസഹായമായി നൽകി.

**മറ്റു സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 3,06,940/- രൂപ ചിലവഴിച്ചു.

**തേനീച്ച വളർത്തൽ പ്രോത്സാഹന പദ്ധതി**

തേനീച്ച വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമായി 3,86,947 രൂപ നൽകി

**മലനാട് ജീവകാരുണ്യപദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. 'കരുതൽ' ജീവകാരുണ്യപദ്ധതി ഇപ്പോൾ 115 ഇടവകകളിൽ രൂപീകൃതമായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 1,85,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,27,469/- രൂപ ഈ മാസം ചെലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി 2020 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**Export:** ജൂലായ്, ഓഗസ്റ്റ് മാസങ്ങളിലായി USA യിലേക്കു രണ്ടും, സൗത്ത് കൊറിയ, ഫ്രാൻസ്, ജർമനി എന്നിവിടങ്ങളിലേക്ക് ഒരു consignment വീതവും  നടന്നു .

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**ആദിവാസി വികസന പദ്ധതി**

കണ്ണംപടി, കോഴിമല, എരുത്വാപുഴ, കൊമ്പുകുത്തി എന്നിവിടങ്ങളിലെ 1000 ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് വനജ്യോതിസ് എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നു .

ജർമ്മൻ ഏജൻസികളായ KKS/BMZ എന്നിവരുമായി സഹകരിച്ച് 2020-2023 വർഷങ്ങളിലായാണ് KKS പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള സാമൂഹിക സാമ്പത്തിക സർവ്വേ നടന്നുവരുന്നു.

**ഫാമിലി കെയർ പ്രോഗ്രാം**

ഫാമിലി കെയർപ്രോഗ്രാമിന്റെ മൂന്നാമത്തെ ഇടക്കാല റിപ്പോർട്ട് MISSIO AUSTRIA-യ്ക്ക് അയച്ചു.

AER കുടുംബ വികസന പദ്ധതിയുടെ ആദ്യ ഇടക്കാല റിപ്പോർട്ട് MISSIO AUSTRIA യ്ക്ക് അയച്ചു.

**സാമ്പത്തിക സഹായങ്ങൾ**

PDS ഫാമിലി കെയർ പ്രോഗ്രാം , സേവ് എ ഫാമിലി പ്ലാൻ, വിവിധ കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായി നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ.

വിദ്യാഭ്യാസ സഹായമായി 92630/- രൂപയും, വരുമാനദായക പ്രവർത്തനങ്ങൾക്കായി 155114/- രൂപയും, ഭവന നിർമ്മാണത്തിനായി 366000/- രൂപയും, ചികിത്സാ സഹായമായി 105004/- രൂപയും, വിവാഹ സഹായമായി 120000/- രൂപയും, ചാരിറ്റി സംഭാവനയായി 3000/- രൂപയും നൽകി.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 29 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകിവരുന്നു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ആഗസ്റ്റ് 2020**

3-7 ഓൺലൈനായി നടന്ന കെ.സി.ബി.സി. വാർഷിക ധ്യാനത്തിലും മീറ്റിംഗിലും പങ്കെടുത്തു.

8 നിര്യാതയായ ബഹു. സി. മേഴ്സി മണ്ണാറാത്ത് SABS -ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പൊൻകുന്നം ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11 പൊടിമറ്റം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

- ഓൺലൈനായി നടന്ന ദീപിക അപെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

13 എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് നടത്തിയ ഓൺലൈൻ NEP സെമിനാർ ഉദ്ഘാടനം ചെയ്തു.

14 എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈദികർക്ക് തുടർപരിശീലന പരിപാടിയിൽ ഓൺലൈൻ ക്ലാസ് നയിച്ചു.

15 മരിയൻ കോളേജ് ഹോസ്റ്റലിൽ വൈദികവിദ്യാർത്ഥികളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു.

- MIIM കുട്ടിക്കാനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഓൺലൈൻ കോഴ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

16 നിര്യാതയായ ബഹു. സി. എജീദിയ FCC യുടെ മൃതസംസ്കാരശുശ്രൂഷയിൽ അണക്കര ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

17 അയർക്കുന്നം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

18–21 സീറോ മലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

21 നല്ലതണ്ണി KPMC - യുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

22 രൂപതയിലെ ബഹു. സിസ്റ്റേഴ്സിനു നടത്തിയ വെബിനാറിൽ സന്ദേശം നൽകി.

25–27 രൂപതയിലെ വൈദികർക്കായി നടത്തിയ ഓൺലൈൻ ongoing formation - ൽ പങ്കെടുത്തു.

27 പുന്നവേലി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ പ്രതിഭാസംഗമത്തിൽ പങ്കെടുത്തു.

28 സഹ്യാദ്രി ബാങ്കിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

VIMALA PUBLICATIONS
PRESENTS



# SAINTS WEB SERIES

coming soon in all social
media platforms

കേരളത്തിലെ എല്ലാ പ്രസാധകരുടേയും പുസ്തകങ്ങൾ
ആകർഷകമായ വിലക്കുറവിൽ വീടുകളിൽ എത്തിക്കുന്നു.
ഇഷ്ടപുസ്തകങ്ങൾ വീട്ടിലെത്താൻ ബന്ധപ്പെടുക :
04828 206513, 9446712487

# 2020 സെപ്റ്റംബർ

## ഏലിയാ – സ്ലീവാ – മൂശ കാലങ്ങൾ

| | | |
|---|---|---|
| 1 | ചൊവ്വ | യാക്കോ. 2:9–13, ലൂക്കാ. 14:1–6 |
| 2 | ബുധൻ | റോമ. 14:7–9, മർക്കോ. 5:1–13 |
| 3 | വ്യാഴം | 2 തെസ. 3:6–12, മത്താ. 13:10–17 |
| 4 | വെള്ളി | റോമ. 8:26–30, മർക്കോ. 10:13–16 |
| 5 | ശനി | യാക്കോ 2:14–17, മർക്കോ. 2:13–17 |
| 6 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ<br>നിയ. 6:20–25, ഏശ. 31:4–9,<br>2 തെസ. 1:3–10, ലൂക്കാ. 18:35–43 |
| 7 | തിങ്കൾ | 2 കോറി 12:1–6, ലൂക്കാ. 12:35–40 |
| 8 | ചൊവ്വ | വെളി. 12:1–6, മത്താ. 1:1–16 |
| 9 | ബുധൻ | ഗലാ. 4:8–11, ലൂക്കാ. 12:41–48 |
| 10 | വ്യാഴം | 1 പത്രോ. 1:22–25, ലൂക്കാ. 17:20–37 |
| 11 | വെള്ളി | റോമാ. 8:18–25, ലൂക്കാ. 12:54–59 |
| 12 | ശനി | 2 പത്രോ 3:8–13, മത്താ. 13:44–51 |
| 13 | ഞായർ | ✠ ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ<br>നിയ. 7:7–11, ഏശ. 30:18–26,<br>2 തെസ. 2:14–3:3, മത്താ. 13:1–9,18–23 |
| 14 | തിങ്കൾ | 1 കൊറി 1:8–25, ലൂക്കാ 24:13–27 |
| 15 | ചൊവ്വ | 2 പത്രോ 3:1–7, മത്താ. 23:29–36 |
| 16 | ബുധൻ | 1 തെസ 4:13–18, മത്താ. 24:29–36 |
| 17 | വ്യാഴം | 1 തിമോ 1:12–17, മത്താ. 25:31–40 |
| 18 | വെള്ളി | 2 തിമോ 2:1–7, ലൂക്കാ. 4:31–37 |
| 19 | ശനി | കൊളോ 1:24–29, ലൂക്കാ. 15:1–7 |
| 20 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ<br>നിയ. 8:11–20, ഏശ. 33:13–24,<br>ഫിലി. 2:1–11, മത്താ. 4:12–17 |
| 21 | തിങ്കൾ | ഹെബ്രാ. 11:23–26 മത്താ. 9:9–13 |
| 22 | ചൊവ്വ | റോമ. 3:1–8, മത്താ 10:26–33 |
| 23 | ബുധൻ | 2 കോറി 13:5–10, മത്താ.21:18–22 |
| 24 | വ്യാഴം | 2 പത്രോ. 2:20–22, മത്താ. 11:11–19 |
| 25 | വെള്ളി | 2 പത്രോ. 1:20–2:3, മത്താ. 15:1–9 |
| 26 | ശനി | 1 തെസ 1:4–8, ലൂക്കാ. 8:16–21 |
| 27 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ നാലാം ഞായർ<br>നിയ. 9:1–6, ഏശ. 25:1–8,<br>ഫിലി. 3:1–11, മത്താ. 17:14–27 |
| 28 | തിങ്കൾ | ഫിലി. 1:21–26, മർക്കോ. 8:31–38 |
| 29 | ചൊവ്വ | തീത്തോ 2:11–14, മർക്കോ. 9:42–48 |
| 30 | ബുധൻ | 2 തെസ 3:6–12, ലൂക്കാ 9:1–6 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654